
Registered No. M-4485 Madras War Review, Malayalam—1-6-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജൂൺ 1-ാംനു, വെള്ളിയാഴ്ച [ലക്കം 37



## ശാന്തസമുദ്രത്തിൽ സഖ്യശക്തികളുടെ ആധിപത്യം

സഖ്യപക്ഷത്തിന്റെ മുങ്ങിക്കപ്പലുകൾ ശാന്തസമുദ്രത്തിൽ ആധിപത്യം ഉറപ്പിച്ചിരിക്കുന്നു. കഴിഞ്ഞകൊല്ലത്തിൽ മാത്രം ഇരുപത്തു ലക്ഷം ടൺ ശത്രുക്കപ്പലുകൾ മുക്കപ്പെട്ടിരിക്കുന്നു.

ഇന്നു ശത്രുവിന്റെ യുദ്ധക്കപ്പലിലേയോ വ്യാപാരക്കപ്പലിലേയോ ഭടന്മാർക്ക് തങ്ങൾ സ്വന്തം താവളത്തിലേക്ക് തിരിച്ചുവരില്ലെന്നുള്ള ഭയാശങ്കകളോടുകൂടിയല്ലാതെ സമുദ്രത്തിലേക്കിറങ്ങുവാൻ സാധ്യമല്ല.

—അഡ്മിറൽ ചെസ്റ്റർ ഡബ്ല്യു നിമിററ്സ്, പാസഫിക് പ്രദേശത്തെ നാവികസേനയുടെ കമാണ്ടർ,
1945 മേയി 27-ാംനു ഒരു പ്രസ്താവനയിൽ

# കത്തിയെരിയുന്ന ടോക്കിയോ

## സ്വയം ചോദിക്കുക

ബർമ്മ തിരിച്ചുപിടിച്ചതിൻെറ മുഴുവൻ വിലയും പ്രാധാന്യവും മനസ്സിലാക്കണമെങ്കിൽ നിങ്ങൾ ഈ ചോദ്യം സ്വയം ചോദിക്കുക: 1944 ഏപ്രിൽ മാസത്തിൽ നിങ്ങൾ വിചാരിച്ചിരുന്നുവോ, നമ്മൾ 1945 മേയ് മാസത്തിൽ റംഗൂനിൽ ആയിരിക്കുമെന്ന്?

—സ്റ്റ്യുവർഡ് ഗെൽഡർ, 14-ാം പടയൊന്നിച്ചുള്ള യുദ്ധലേഖകൻ.

## ജപ്പാനെ പരാജയപ്പെടുത്തുന്നതിൽ ഇന്ത്യക്കുള്ള സ്ഥാനം

ജപ്പാൻെറ അന്ത്യപരാജയം അപരിത്യാജ്യമാണ്. എന്നാൽ അതു് ശീഘ്രഗതിയിലായിരിക്കുമോ, അതോ താമസിച്ചായിരിക്കുമോ എന്ന പ്രശ്നം ഒട്ടുമുക്കാലും ആശ്രയിച്ചിരിക്കുന്നതു് ഈ രാജ്യത്തെ ജനങ്ങളെയാണ്.

—എച്ച്. ഇ. സർ. ഹെൻറി നൈററ്, ബോംബെ ഗവണ്ണർ.

## ടോക്കിയോ, ഒരഗ്നികുണ്ഡം

ടോക്കിയോവിലെ വ്യാപാരവ്യവസായ പ്രദേശങ്ങളിൽ സൂപ്പർ ഫോട്രസ്സ് വിമാനങ്ങൾ വർഷിച്ച ബോമ്പുകൾ ഒരഗ്നികുണ്ഡം തന്നെ ഉണ്ടാക്കിയിരിക്കുന്നു. ലോകത്തിലെ മൂന്നാമത്തെ നഗരത്തിൽ തീജ്വാലകൾ ആളിക്കൊണ്ടിരിക്കുന്നു.

—ടോക്കിയൊ റേഡിയൊ, 1945 മേയ് 26-ാം തിയ്യതി.

## ദിനംപ്രതി 70 വിമാനങ്ങൾ നഷ്ടം

മാർച്ച് 18-ാം തിയ്യതിക്കുശേഷം ജപ്പാൻകാർക്കു 42,000 വിമാനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്, അതായതു്, ദിനംപ്രതി 70 വിമാനങ്ങൾ.

—1945 മേയ് 26-ാം തിയ്യതി, പത്രപ്രഖ്യാപനം.

---

# ഫാസിസത്തിൻെറ അവസാനം

എൻ. ദാമോദരൻ

യുദ്ധം, യൂറോപ്പിലെ യുദ്ധം പ്രതീക്ഷിച്ചതിലും വേഗം അവസാനിച്ചിരിക്കുന്നു. ജർമ്മനി നിരുപാധികമായി ഐക്യരാഷ്ട്രങ്ങൾക്കു കീഴടങ്ങികഴിഞ്ഞു. മുസ്സോലിനി വധിക്കപ്പെട്ടു; ഹിററ്ലർ ജീവിച്ചിരിപ്പുണ്ടെന്നും ഇല്ലെന്നുമുള്ള പ്രസ്താവങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. യൂറോപ്പിൽ ഫാസിസ്റ്റ് പട്ടാളം നിശ്ശേഷം നശിച്ചു കഴിഞ്ഞു. ജപ്പാൻെറ നിലനില്പ് ഇനി കൂടുതൽ നീണ്ടുനില്ക്കാൻ വഴിയില്ല.

ലോകചരിത്രത്തിലെ അതുല്യമായ ഈ യുദ്ധം, ഫാസിസ്റ്റക്രിമികൾക്ക് സ്റ്റാലിൻഗ്രാഡിൻവെച്ച് സംഭവിച്ച വമ്പിച്ച പരാജയംവരെ ലോകത്തിലെ ജനകീയശക്തികളെ ഭയവിഹ്വലരാക്കിയിരുന്നു. റഷ്യൻ ജനതയുടെ ആവേശകരമായ ത്യാഗം യുദ്ധത്തിൻെറ നില സഖ്യകക്ഷികൾക്കനുകൂലമാക്കി മാററി; ലോകജനാധിപത്യത്തിന്നു ആവേശവും ആഹ്ലാദവും ഉണ്ടാക്കി. ഈ യുദ്ധം ഒന്നിലധികം കാരണങ്ങളാൽ സ്മരണീയമാണ്. അതായതു, ലോകത്തിൽ സംഭവിച്ച ഏററവും ഭയങ്കരമായ യുദ്ധം എന്ന നിലക്കും, ലോകത്തിലെ ഏററവും മെച്ചമേറിയ ഒരദ്ധ്യായത്തിൻെറ തുടക്കമെന്ന നിലക്കും ഈ യുദ്ധം സ്മരണീയമാണ്. അതെ, കഴിഞ്ഞ കാലഘട്ടങ്ങളിലെ മഹത്തായ മാററങ്ങളെക്കാൾ സമുദായത്തിന്നു ഈ യുദ്ധത്തിൻെറ ഫലമായി നന്മകളുണ്ടാവാൻപോകുന്നു. ചുരുക്കിപ്പറഞ്ഞാൽ ഒരു നവയുഗം ഈ യുദ്ധത്താൽ സൃഷ്ടിക്കപ്പെട്ടുവരുന്നു.

നാമിന്നു് പല കുഴപിടിച്ച പ്രശ്നങ്ങളും ഈ അവസരത്തിൽ മുന്നോട്ടു വന്നതായി കാണുന്നു. അങ്ങിനെയുള്ള സംഭവങ്ങൾ മേലിലും ഉണ്ടായേക്കാം. എങ്കിലും ഫാസിസ്റ്റ് ശക്തികളുടെ പരാജയം പുതുമയുടെ വിജയമായി നമുക്കു കണക്കാക്കാം. അതെന്തുകൊണ്ടാണെന്നു നമുക്കൊന്നാലോചിക്കുക. ജനാധിപത്യവും ഫാസിസത്തെപോലെ സാർവ്വലൌകികമാണെന്നതിൽ വാദമില്ല. ഈ യുദ്ധത്തിൻെറ വിജയം ഫാസിസത്തിന്മേൽ ജനാധിപത്യത്തിന്നു് സിദ്ധിച്ച വിജയമാണ്. അതു, ഒരു പക്ഷെ എല്ലാ രാഷ്ട്രങ്ങളിലും ഒരേസമയത്തു വിജയിക്കില്ലെന്നിരുന്നാലും, സാവധാനത്തിൽ ലോകമാസകലം പടർന്നുപിടിക്കുമെന്ന് നിർവ്വിവാദമാണ്. അതിനെ നുള്ളികളയാനുള്ള അവസാനത്തെ പരിശ്രമമായിരുന്നു ഹിററ്ലരുടെ നേതൃത്വത്തിൽ ഫാസിസം കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ചെയ്തുവന്നിരുന്നതു്. അതു ആ പഴഞ്ചൻ സാമുദായിക രീതിയെ നിലനിർത്തുന്നതിന്നു പുതുമയെ നശിപ്പിക്കുന്നതിന്നുമായി കായികമായ ബലപ്രയോഗം കൊണ്ടും മാനസികമായ നിർബ്ബന്ധം കൊണ്ടും ആവുന്നത്ര ശ്രമിച്ചു നോക്കി. പക്ഷെ, അവസാനം എന്നന്നേക്കുമായി പരാജയപ്പെട്ടു. ഇനിയത്തെ ലോകഗതി ജനാധിപത്യമെന്നപേരിലറിയപ്പെടുന്ന പുതുമയിലേക്കാണ്. അതു ചരിത്രപരമായി തടുക്കാൻ വയ്യാത്തതാണ്. കാര്യകാരണങ്ങളെപ്പററിയുള്ള വിചിന്തനമല്ല ഫാസിസത്തിൻെറ മാർഗ്ഗം. അതിൻെറ മാർഗ്ഗം ആജ്ഞാപിക്കലും, അനുസരിക്കലുമാണ്. ഈ മാർഗ്ഗം തെററാണെന്നു് ഏതൊരു ധിഷണാശാലിക്കും മനസ്സിലാക്കാം. എന്നാൽ ജനാധിപത്യത്തിൻെറ മാർഗ്ഗമാകട്ടെ കാരണങ്ങളെ അന്വേഷിക്കലും, അതിന്നനുസരിച്ച മാർഗ്ഗങ്ങൾ നിർദ്ദേശിക്കലുമാണ്. അതുകൊണ്ടാണ് അത്തരത്തിലുള്ള ഒരു നവീന സാമൂഹ്യഘടനയെ ലോകം ഉററുനോക്കുന്നതു്.

മനുഷ്യസമുദായത്തിൻെറ സുഖവും, സംതൃപ്തിയും ജനാധിപത്യ സാമുദായിക നിയമത്തിലാണ് മറേറതിനെക്കാളും ഉൾക്കൊള്ളുന്നതെന്നു അനുഭവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഫാസിസ്റ്റ് നുകത്തിൽനിന്ന് വിമുക്തരായ രാഷ്ട്രങ്ങൾ തീർച്ചയായും അത്തരത്തിലുള്ള ഒരു സാമുദായിക നിയമത്തെ സ്വാഗതം ചെയ്യുന്നതായിരിക്കും. തൽഫലമായി ലോകം ആ വഴിക്കു പ്രയാണം ചെയ്യുമെന്നുള്ളതും, സാവധാനത്തിലെങ്കിലും, സംഭവിക്കാൻ പോകുന്ന സംഗതികളാണ്.

എന്നാൽ ഇതിന്നെതിരായ ശക്തികൾ എനിയും ഭൂമുഖത്തിൽ ഉണ്ടെന്നു നാം മറക്കേണ്ടതില്ല. അവർ കഴിഞ്ഞ നൂററാണ്ടിലെ പഴകി ജീർണ്ണിച്ച 'പ്രജാധിപത്യ'ത്തെ 'ജനാധിപത്യത്ത'തിന്നു് പകരം മുന്നോട്ടു കൊണ്ടുവന്നേക്കും. പക്ഷെ, അധികം താമസിയാതെ യൂറോപ്യൻ ജനങ്ങൾക്കു ബോദ്ധ്യപ്പെടും, 'പ്രജാധിപത്യം' ആപൽകരമാണെന്ന്.

വേഷച്ഛന്നമായി ഫാസിസം ഇന്നും ജീവിച്ചിരിപ്പുണ്ടെന്നും അതു വീണ്ടും ഉയിർത്തെഴുന്നേൽക്കുമെന്നും വിശ്വസിക്കുന്ന ജനങ്ങൾ ധാരാളമുണ്ട്. ആ ധാരണ ശരിയാണെന്നു വിശ്വസിച്ചുകൂടാ. ഫാസിസത്തിൻെറ ഭയങ്കരതകളെ യൂറോപ്യൻ രാഷ്ട്രങ്ങൾ തികച്ചും മനസ്സിലാക്കിയിട്ടുണ്ട്. ആ നിലക്കു ബഹുജനങ്ങൾ അത്തരത്തിലുള്ള സംരംഭങ്ങളെ സർവ്വവിധത്തിലും തടയുമെന്നതു തീർച്ചയാണ്. ഇതിന്നും പുറമെ സോവിയററ് റഷ്യയും ബ്രിട്ടനും തങ്ങളുടെ അജയ്യമായ പട്ടാളശക്തികളെ അത്തരത്തിലുള്ള സംരംഭങ്ങൾക്കെതിരായി അഴിച്ചുവിടുന്നതും മററു യൂറോപ്യൻ രാഷ്ട്രങ്ങളിലെ ജനാധിപത്യശക്തികൾ അതിനെ സഹായിക്കുന്നതുമായിരിക്കും. തന്മൂലം നമുക്കശ്ശുഭപ്രതീക്ഷക്കവകാശമില്ല.

കഴിഞ്ഞ 27 വർഷങ്ങൾക്കുമുമ്പ് 'ജനാധിപത്യം' ലോകത്തിൽ മുളച്ചുപൊന്തി അതിൻെറ വളർച്ചയെ താറുമാറാക്കാൻ വേണ്ടി വമ്പിച്ച ശ്രമങ്ങൾ നടത്തുകയും ചെയ്തു. പക്ഷെ, നമുക്കറിയാം ഇന്നത്തെ ഈ യുദ്ധം വിജയിക്കാനുണ്ടായ പ്രധാന സംഗതി 27 കൊല്ലം മുമ്പ് മുളച്ചു പൊന്തിയ ആ ജനാധിപത്യശക്തിയുടെ നിലനില്പു കൊണ്ടാണെന്നു്. അതിൻെറ നിലനില്പു ഉണ്ടായിരുന്നില്ലെങ്കിൽ മനുഷ്യസംസ്കാരം കിരാതത്വത്തിന്നു് അടിമപ്പെടുമായിരുന്നു.

ഈ അവസരത്തിൽ ഇന്ത്യയുടെ കാര്യങ്ങൾ കൂടി എങ്ങിനെയിരിക്കുന്നുവെന്നു നോക്കാം. യഥാർത്ഥത്തിൽ ഇന്ത്യയുടെ നില ഇരുളടഞ്ഞതാണ്. മറെറതൊരു നാട്ടിനെക്കാളുമധികം ഫാസിസ്റ്റ് മനോഭാവം ഇന്ത്യയിലുണ്ട്. ഇന്ത്യയുടെ നാടുവാഴിത്വസാമ്പത്തിക രീതി, സാംസ്കാരികമായ യാഥാസ്ഥിതികത്വം, യുക്തിവാദപരമായ ചിന്താരീതിയുടെ അഭാവം, ജനകീയത്വത്തിൻെറ പാരമ്പര്യമില്ലായ്മ, ഇതെല്ലാ പിന്തിരിപ്പൻ ശക്തികൾക്കു ഈ നാട്ടിലെ ബഹുജനങ്ങളെ ഫാസിസത്തിൻെറ വരുതിയിലേക്കു തള്ളികൊണ്ടുപോവാൻ സാഹായകങ്ങളാണ് എന്ന വസ്തുത നമ്മെ എപ്പോഴും ജാഗരൂകന്മാരാക്കേണ്ടതാണ്.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 ജൂൺ 1-ാംനു, വെള്ളിയാഴ്ച

## തീജ്വാലകൾക്കിടയിൽ

ജപ്പാന്റെ പ്രചരണങ്ങളെപ്പററി കുറച്ചൊന്നു ശ്രദ്ധിക്കുന്ന ഏതൊരാൾക്കും ഇന്നത്തെ ജാപ്പാനിലെ സ്ഥിതിഗതികൾ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. തീവ്രവും തീക്ഷ്ണവുമായ ബോമ്പുവർഷത്താൽ നശിച്ചു തകൎന്ന ജപ്പാനിലെ ജനസമൂഹത്തിന്നിടയിലുള്ള പരിഭ്രാന്തിയും പരുങ്ങലും കുറച്ചൊന്നുമല്ല. മനഃശാസ്ത്രപരമായ മുന്നണി ജാപ്പാനിൽ തികച്ചും മുറിഞ്ഞു ഛിന്നഭിന്നമായ്ക്കഴിഞ്ഞിരിക്കുന്നു.

സമാധാനകാംക്ഷികളെപ്പററി ടോക്കിയോ നിഷേധിച്ചിരിക്കുന്നു. എങ്കിലും, ഒട്ടും തീയെരിയാതെ എങ്ങിനെയാണ് പുകവൊന്നുക? സമാധാനക്കൊതിയന്മാൎക്കെതിരായി ഉഗ്രനടപടികൾ എടുക്കുന്നതിന്ന് ജാപ്പാനീസ് കാബിനററു തീൎച്ചപ്പെടുത്തിയിരിക്കുന്നുവത്രേ. "രാജ്യത്തിന്നുള്ളിൽ പരിപൂൎണ്ണമായ ഐക്യം ഇല്ലാത്തപക്ഷം ശത്രുവെ തിരിച്ചോടിക്കുന്നതിന്നു പ്രയാസമാണ്" എന്നു ജനറൽ നമുക്കി നകാന സമ്മതിക്കുകയുണ്ടായി. സാൻഫ്രാൻസിസ്കോവിലെ ചൈനീസ് പ്രതിനിധിയായ മി. ടി. വി. സൂങ്ങിനോടു സമാധാനശ്രമക്കാരെപ്പററി ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങിനെ പറഞ്ഞു: "ഞങ്ങൾ അവരെ കണ്ടിട്ടുണ്ട്. ഒരിക്കലല്ല, ഒരാളുമല്ല, പലപ്പോഴും പലരും. ഞങ്ങളുടെ മറുപടി ഇതാണ്—ഐക്യരാഷ്ട്രങ്ങളോടു ചോദിക്കുക."

ഇതാണു തക്ക മറുപടി. മൂന്നര വൎഷത്തോളമായി സഖ്യരാഷ്ട്രങ്ങളോടും എട്ടു കൊല്ലത്തോളമായി ചൈനയോടും സമരംചെയ്യു ജപ്പാന്റെ ഇന്നത്തെ നില കുറെ വിഷമം പിടിച്ച ഒന്നുതന്നെയാണ്.

കഴിഞ്ഞ വൎഷാരംഭത്തിൽ ജൎമ്മൻകാർ അഭിമുഖീകരിച്ച അതേ സ്ഥിതി തന്നെയാണ് ഇന്നു ജപ്പാൻകാരെയും സമീപിച്ചിരിക്കുന്നത്.

"ടോക്കിയോ കേട്ടുതീൎക്കാൻ വയ്യാത്തമട്ടിൽ നശിച്ചിരിക്കുന്നുവെന്നു" സമ്മതിക്കുന്നതിന്നു 80 വയസ്സു തികഞ്ഞ പ്രധാനമന്ത്രി സുസുകി നിൎബ്ബന്ധിതനായി.

ഒക്കിനാവയിൽ ശത്രുക്കളുടെ അനുഭവവും തഥൈവ. എത്ര ആളുകളേയും സാമഗ്രികളുമാണ് ആ കൊച്ചുദ്വീപിന്നുവേണ്ടി അവൎക്ക് ബലികഴിക്കേണ്ടിവന്നത്? മാത്രമല്ല, ഭക്ഷണപ്രശ്നമാണ് ജാപ്പുകളെ ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുന്ന മറെറാരു പിശാചു. മഞ്ചൂറിയയിൽനിന്നു ധാന്യങ്ങൾ കൊണ്ടുവരുന്നതിന്നും കൂടെ വിഷമമാണെന്നു ഒരു ജാപ്പു വക്താവു സമ്മതിച്ചു.

തീജ്വാലകൾ, ഭക്ഷണക്ഷാമം, സൎവ്വത്രനിന്നുമുള്ള ആക്രമണഭീതി ഇവയുടെ നടുവിൽപ്പെട്ടു നട്ടംതിരിയുകയാണു അവർ.

എന്നാൽ നമുക്ക് അതിരുകടന്ന ശുഭാപ്തിവിശ്വാസവും പാടില്ല. ജപ്പാനെപ്പോഴാണ് നിരുപാധികമായി കീഴടങ്ങുക എന്നു പലരും ചോദിക്കുന്നു. "ആറു മാസത്തിന്നുള്ളിൽ" എന്നു ചിലർ പറയുന്നു. ഇതെല്ലാം ജാപ്പുശക്തിയെ തികച്ചും തരംതാഴ്ത്തി പറയുന്നതുകൊണ്ടാണ്. ജപ്പാനും ജൎമ്മനിയും തമ്മിൽ മനഃശാസ്ത്രപരമായി താരതമ്യപ്പെടുത്തിക്കൂടാ. ഒരു പന്ത്രണ്ടു കൊല്ലത്തെ പ്രചരണംകൊണ്ടു ജൎമ്മൻകാർ നാസികളാൽ അത്രയധികം വഞ്ചിതരായെങ്കിൽ, നൂററാണ്ടുകളായി മദ്ധ്യദശയിലെ കിരാതത്വത്തിന്റെ കീഴിൽ കഴിഞ്ഞുകൂടുന്ന ജാപ്പുകളുടെ നിലയെന്തായിരിക്കും?

ജപ്പാന്നു ആയുധസാമഗ്രികൾ കുറവായിരിക്കും. പക്ഷെ അതുകൊണ്ടു ജപ്പാന്നു യാതൊരു കരുതലും ഇല്ലെന്നു സമൎത്ഥിച്ചുകൂടാ. പല രാജ്യങ്ങളിൽനിന്നുമായി ജാപ്പാൻ സാമാനങ്ങൾ പലതും കവൎന്നെടുത്തു ശേഖരിച്ചിട്ടുണ്ട്. പതിനെട്ടാമത്തെ അടവിൽ പതുങ്ങി പിന്മാറി നില്ക്കുന്നതിന്നു കൊറിയയും, മഞ്ചൂറിയയും ഉണ്ടു താനും.

ഇതിന്നെതിരായി നമുക്കു ചെയ്യാനുള്ളതു ജപ്പാനെ പോൎക്കളത്തിൽ തുടരെത്തുടരെ തോല്പിക്കുകയും അവിടുത്തെ കപ്പൽത്തങ്ങളും തൊഴിൽശാലകളും ബോമ്പിട്ടു തകൎക്കുകയുമാണ്. തങ്ങൾക്കു യുദ്ധംകൊണ്ടു ദോഷമേ മേലിൽ ഉണ്ടാവുകയുള്ളൂവെന്നു ജാപ്പുകൾക്കു ബോദ്ധ്യമാവണം. സഖ്യനേതാക്കളുടെ മുമ്പിലുള്ള ചുമതല അതാണ്.

അതിന്നിടയിൽ നമുക്കു സിദ്ധിച്ച വിജയങ്ങളിൽ ആഹ്ലാദിക്കുക. പക്ഷെ ദീൎഘദൎശനംകൊണ്ടും, യുദ്ധാവസാനത്തെപ്പററി ജോത്സ്യം പറയുന്നതുകൊണ്ടും വലിയ കാൎയ്യസാദ്ധ്യമൊന്നുമില്ല. നമ്മുടെ സംരംഭങ്ങൾ കൂടുതൽ സമഗ്രമാക്കുകയാണ് ഇന്നത്തെ കൎത്തവ്യം.

ഉദ്ധരണപംക്തി

# അവർ പറയുന്നതു്

### ബുഷൻവാംഡിലെ കാഴ്ചകൾ

ബുക്കൻവാൾഡ് കേമ്പിലേക്കു പോയ പാൎല്ലിമെണ്ട് അംഗങ്ങളുടെ പ്രതിനിധിസംഘം നമ്മുടെ കൃതജ്ഞതയ്ക്കൎഹരാണ്. അവർ നല്കിയ റിപ്പോൎട്ട് വളരെ ശ്രദ്ധേയമാണ്. അവർ കണ്ട കാഴ്ചകളേയും, അവൎക്കു ബോദ്ധ്യപ്പെട്ട സംഗതികളേയും തുറന്നു പ്രഖ്യാപിച്ചു. അവയെപ്പററിയുള്ള അഭിപ്രായം പുറപ്പെടുവിക്കുന്നതിന്നു ജനങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്.

ആ വസ്തുതകൾ ഭയങ്കരമാണ്. മദ്ധ്യദശയ്ക്കിപ്പുറം പണ്ടാരും കാണാത്തതും കേൾക്കാത്തതുമായ നിഷ്ഠുരകൃത്യങ്ങളും, അഴിമതികളുമാണ് ജൎമ്മനിയിലുള്ള ക്യാമ്പുകളിൽ നടന്നുവരുന്നത്. ഇതു് ജൎമ്മനിയിൽ, ഒരു സംസ്കാരം സിദ്ധിച്ച സമുദായത്തിലാണുണ്ടായതു്. കലാപരവും, ശാസ്ത്രീയവുമായ പല മഹനീയ സിദ്ധികളും കൈക്കലാക്കിയ ഒരു രാജ്യത്തിലെ ജനങ്ങളുടെ പേരിലാണ് ഈ കൃത്യങ്ങളൊക്കെ ചെയ്തുവരുന്നതു്. ഇതെങ്ങിനെ സംഭവിച്ചു? പെട്ടെന്ന് എങ്ങിനെയാണ് കലാരസികന്മാരും ശാസ്ത്രീയവിദഗ്ദ്ധന്മാരുമടങ്ങിയ ഒരു രാഷ്ട്രം ഇങ്ങിനെ ഒരു കിരാതത്വത്തിലേക്കു അധഃപതിച്ചതു്?

ബുക്കൻവാൾഡ് ക്യാമ്പിൽ ഇട്ടിരുന്നവരെ എല്ലാം പൊതുവെ 'തടവുകാർ' എന്നാണ് പറയപ്പെട്ടുവരുന്നതു്. എങ്കിലും ഇതിൽത്തന്നെ വ്യത്യസ്തവിഭാഗക്കാരുണ്ടു്. അവരിൽ പ്രധാനമായും മൂന്നു തരമുണ്ടു്: (1) രാഷ്ട്രീയ തടവുകാരും, ജൎമ്മനിയിൽനിന്നുള്ള ജൂതന്മാരും, (2) ആസ്ത്രേല്യ, ചെക്കോസ്ലൊവേക്യ, പോളണ്ടു്, എന്നീ രാജ്യങ്ങളിലെ രാഷ്ട്രീയതടവുകാരും ജൂതന്മാരും, (3) പിടിച്ചടക്കപ്പെട്ട പല രാജ്യങ്ങളിൽനിന്നും 1940 മുതൽ ദാസ്യവൃത്തിയ്ക്കും, നിൎബ്ബന്ധജോലിക്കുമായി കൊണ്ടുവന്ന ചെറുപ്പക്കാർ.

ബുക്കൻവാൾഡ് ക്യാമ്പിന്റെ ആദ്യോദ്ദേശ്യം വിദേശീയരെ ഉപദ്രവിക്കുകയല്ലായിരുന്നു. നാസികളെ എതിൎക്കുന്ന രാഷ്ട്രീയാഭിപ്രായക്കാരെയും, തൊഴിലാളി പ്രവൎത്തകന്മാരെയും, ജനാധിപത്യവാദികളെയും ദണ്ഡിക്കുന്നതിന്നു വേണ്ടിയാണ്.

ഹിററ്ലരെ എതിൎത്ത ജനകീയവാദികളെ ജൎമ്മൻ ജനങ്ങൾ വിശ്വസിച്ചില്ല. ഈ ബലഹീനത എന്താണ് കുറിക്കുന്നതു്? ജൎമ്മൻകാരുടെ രാഷ്ട്രീയമായ പുരോഗമനമില്ലായ്മ മാത്രമല്ലേ? അങ്ങിനെയിരിക്കെ അവൎക്കു പരിപൂൎണ്ണമായും ലോകപൌരത്വം നേടുന്നതിന്നു കുറച്ചിട താമസിക്കണമെന്നു വരുമ്പോൾ അതിൽ പിറുപിറുത്തിട്ടു യാതൊരു കാൎയ്യവുമില്ല. എന്നാൽ നമ്മളും പലതും പഠിക്കേണ്ടതുണ്ടു്. ജൎമ്മൻകാരെ നിയന്ത്രിച്ചതുകൊണ്ടു മാത്രം ഫാസിസത്തെ ഉന്മൂലനാശം ചെയ്യാൻ കഴിയുകയില്ല. നിയമപരമായി മനുഷ്യാവകാശവും, ലോകവിഭവങ്ങളിലുള്ള സമമായ വിതരണവും, ശരിവെക്കുന്ന ഒരന്തൎദ്ദേശീയനിയമം അതിന്നാവശ്യമാണ്.

(ഡെയിലി ഹിറാൾഡ്)

### സയൻസും മനുഷ്യജീവിതവും

നിങ്ങൾ ഇരിക്കുന്ന മുറിക്കു ചുററുപാടും ഒന്നു കണ്ണോടിച്ചു നോക്കുക. അടുപ്പിൽ കൽക്കരി, ഗ്ലാസിൽ വെള്ളം, തട്ടിൽ പുഷ്പങ്ങൾ, കസേരകൾ, പുസ്തകങ്ങൾ, ശിലകൾ, ചിത്രങ്ങൾ, ആണികൾ, വൈദ്യുതദീപങ്ങൾ,—ഇവയിൽ ഏതെല്ലാമാണ് നൈസൎഗ്ഗികമായിട്ടുള്ളതു്? വെള്ളവുംകൂടി ഒരുപക്ഷെ സോഡയായിരിക്കാം; തീയ് വൈദ്യുതശക്തിയായിരിക്കാം; പൂക്കൾ കടലാസുകൊണ്ടു നിൎമ്മിച്ചവയുമായിരിക്കാം....

നോക്കൂ, ശാസ്ത്രീയമായ സൌകൎയ്യങ്ങളെ ഉപേക്ഷിക്കുന്നപക്ഷം, ആധുനികജീവിതം അപ്പടി തകൎന്നു വീഴും. നഗരജീവിതം നമുക്കു അസഹ്യവും അസാദ്ധ്യവുമായി വരും. നമ്മുടെ ജീവിതാവശ്യങ്ങൾ ശരിപ്പെടുത്തുന്നതിന്നും വിപുലീകരിക്കുന്നതിന്നും സയൻസിനെ നാം ദൈനംദിനം അപേക്ഷിക്കുന്നു. സയൻസിലുള്ള പരിപൂൎണ്ണവിശ്വാസമാണ് നാളത്തെ നമ്മുടെ ജീവിതരീതി.

ആലോചിക്കൂ, 150 കൊല്ലങ്ങൾക്കുമുമ്പെ ബ്രിട്ടൻ എങ്ങിനെയായിരുന്നുവെന്ന്—അവിടുത്തെ ജനസംഖ്യ ഇന്നത്തേക്കാൾ വളരെ ചെറുതായിരുന്നു. മിക്കവാറും കൃഷിപ്രധാനമായ ഒരു രാജ്യം; ഉയൎന്നുവരുന്ന ഒരു വ്യാപാരിവൎഗ്ഗം; വ്യവസായീകരണത്തിന്റെ തുടക്കങ്ങൾ. ഇതായിരുന്നു ഒരൊന്നര നൂററാണ്ടു മുമ്പത്തെ ബ്രിട്ടൻ. ക്രമേണ ഈ സ്ഥിതികൾ അപ്രത്യക്ഷമായി. വയലുകളും മേച്ചിൽപ്രദേശങ്ങളും കൽക്കരി ഖനികളായി; നിശ്ശബ്ദമായ ഗ്രാമങ്ങൾ ജനബാഹുല്യമുള്ള നഗരങ്ങളായി. ഗ്രാമീണമാരുതൻ പുകപിടിച്ച വായുവായിത്തീൎന്നു. നാടന്മാർ നഗരങ്ങളിലേക്കു സംക്രമിക്കാൻ തുടങ്ങി. ഒരു തലമുറക്കുള്ളിൽ, ബ്രിട്ടൻ വ്യവസായിക യുഗത്തിലേക്കു പ്രവേശിച്ചു. ജനങ്ങളുടെ സ്വഭാവം, സാമൂഹ്യരീതി, സദാചാരങ്ങൾ ഇവയെല്ലാം പണ്ടത്തെക്കാളും വ്യത്യസ്തമായി. ആവി, കൽക്കരി, ഇരുമ്പു ഇവയെ പുതിയ രീതിയിൽ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ സാമൂഹ്യ ഘടനയിലും പരിവൎത്തനം വന്നു. നമ്മുടെ മുത്തച്ഛന്മാർ അവരുടെ കാലത്തെ ജീവിതരീതി ശാശ്വതമാണെന്നു വിശ്വസിച്ചുവന്നു.

ആ പരിഗണന എത്രമേൽ അബദ്ധജടിലമാണെന്നു നമുക്കു ഇപ്പോൾ മനസ്സിലായി. സമുദായത്തിന്റെ ആവശ്യങ്ങൾ അനശ്വരമോ, പരിവൎത്തനങ്ങൾക്കു വിധേയമല്ലാത്തവയോ അല്ല. അത്യാവശ്യം വരുന്ന ആവശ്യങ്ങളെ നിൎവ്വഹിക്കുന്നതിന്നു ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ ഉണ്ടാവുന്നു. ശാസ്ത്രീയമായ പുരോഗമനം തദ്ദേശപരമാക്കിക്കൂടാ; അതിന്നു ദേശീയാതൃത്തികളില്ല. യാന്ത്രീകരണം ക്രമപ്രവൃദ്ധമായി വികസിച്ചു എങ്കിലും, അതിന്റെ ഗതി ഒരേവിധത്തിലായിരുന്നില്ല. ലോകത്തിന്റെ ആവശ്യങ്ങൾക്കായി എത്രമാത്രം യാന്ത്രീകരണം വേണമെന്നാരും ആരാഞ്ഞില്ല. അന്തൎദ്ദേശീയമായ പ്രവൎത്തനത്തിന്റെ അഭാവത്തിൽ ലോകത്തിലെ കച്ചവടത്തിൽ കടുത്ത മത്സരം ആവിൎഭവിച്ചു.

(പ്രൊഫസർ ഹിമൺ ലെവി.)

# ആഴ്ചക്കുറിപ്പുകൾ

## ബ്രിട്ടനിലെ തിരഞ്ഞെടുപ്പും യുദ്ധവും

ഏതാണ്ട് 1300ൽപ്പരം പേർ ബ്രിട്ടനിൽ അടുത്തുണ്ടാവുന്ന പാർല്ലിമെണ്ടിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിൽക്കുന്നുണ്ട്. ഇവരിൽ ജപ്പാന്നെതിരായ യുദ്ധത്തിൽ തികച്ചും ആത്മാർത്ഥതയോടുകൂടിയല്ലാത്ത ഒരൊററ ആൾ പോലും ഇല്ല. ബ്രിട്ടനിലെ ജനങ്ങൾക്കു തെരഞ്ഞെടുപ്പു ഒരു ഗാർഹികപ്രശ്നം മാത്രമാണ്. ജപ്പാന്നെതിരായുള്ള യുദ്ധത്തെ സംബന്ധിച്ചേടത്തോളം എല്ലാ കക്ഷിക്കാരും ഏകാഭിപ്രായക്കാരാണ് വല്ല അഭിപ്രായഭിന്നതകളും ഉണ്ടെങ്കിൽ അതു ലോകസുരക്ഷ, റഷ്യയോടുള്ള മനോഭാവം, യുദ്ധാനന്തരപുനഃസംഘടന, ഇവകളെക്കുറിച്ചാണ്. അതെന്തുതന്നെയായാലും, ഇപ്പോൾ ഒഴിയുന്ന കാബിനററിലെ എല്ലാവരും തങ്ങളുടെ കൃത്യങ്ങൾ കണിശമായും, സർവ്വസമ്മതമായും നിർവ്വഹിച്ചിട്ടുണ്ട്. നാസി വിപത്തിൽനിന്നു സ്വാതന്ത്ര്യമാവുന്നതിന്നുള്ള പ്രവൃത്തികളിൽ അവർ അത്രയും യോജിപ്പും ആദരവും കലന്നാണ് പണിയെടുത്തിരുന്നതു. മേലിലും, ഏതൊരു കക്ഷിയുടെ ഗവമ്മേണ്ടുവന്നാലും അതിന്നും മുൻപറഞ്ഞ രീതിയിലുള്ള ഐക്യവും ഉദ്ദേശ്യദാർഢ്യവും ആവശ്യമായിവരും. ഒരു ഒരു മഹൽശക്തിയായ ബ്രിട്ടനിലെ ഗവമ്മേണ്ടിന്നു ചെയ്യേണ്ടിവരുന്ന—അതും ഈ ഇളകിമറിഞ്ഞതും കുഴപ്പാടോടുകൂടിയതുമായ ഈ ദശാസന്ധിയിൽ—ജോലി വളരെ കനം കുറഞ്ഞതാകില്ലതന്നെ.

### സമയത്തിന്നുവേണ്ടി

ത്തുംഗോവിന്നു കിഴക്കു ഭാഗത്തു് ജാപ്പുകൾ വളരെ ഉഗ്രമായി ചെറുത്തുവരുന്നുണ്ടെന്നാണ് ബമ്മരംഗത്തിൽനിന്നു ഈ ആഴ്ച കിട്ടിയിട്ടുള്ള വർത്തമാനം. റംഗൂണിന്നും മീട്കീലയ്ക്കും മദ്ധ്യത്തിൽ കിടക്കുന്ന ഒരു പ്രദേശമാണതു്. സയാമിന്നു് സമീപത്തുമാണ് ഇതു് സ്ഥിതിചെയ്യുന്നതു്.


ശത്രുവിന്റെ ഈ കിണഞ്ഞ പോരാട്ടം കാലവിളംബം വരുത്തുന്നതിന്നു വേണ്ടിയാണ്. ഏതുവിധേനയും കുറച്ചു സമയം കിട്ടിയാൽ, അവർക്കു സയാം, മലയ എന്നീയിടങ്ങളിൽ, സഖ്യസേനാക്രമണത്തെ ചെറുക്കുന്നതിന്നു വേണ്ട സന്നാഹങ്ങൾ ചെയ്യാമെന്നായിരിക്കും അവരുടെ ഉദ്ദേശം.

ശത്രുവിന്റെ ഉദ്ദേശം അതുതന്നെയായിരുന്നാലും സംഖ്യശക്തികളുടെ, ദൃഢനിശ്ചയത്തിന്നു ഇതുകൊണ്ടൊന്നും ലവലേശം ഇളക്കം വന്നിട്ടില്ല. മഴയുണ്ടായിരുന്നിട്ടുകൂടി ബോമ്പാക്രമണം തുടർന്നുതന്നെ വരുന്നു. മലയയിൽ വിമാനാക്രമണം വളരെ വിജയത്തിൽ കലാശിച്ചിരിക്കുന്നു. സ്വാതന്ത്ര്യമാക്കപ്പെട്ട റംഗൂണിൽ ധൃതഗതിയിൽ പുനഃനിർമ്മാണം ആരംഭിച്ചിരിക്കുന്നു.

### ചൈനരംഗം ഊർജ്ജിതമാവുന്നു

ജാപ്പുകൾക്കു പിണഞ്ഞ പരാജയവും പററിയ ക്ഷീണവും കണ്ടു തക്കത്തിൽ ആക്രമണം തുടരുന്നതിന്നു് ചൈനക്കാർ പുറപ്പെട്ടിരിക്കുന്നു. അമേരിക്കൻ വിമാനസേനയുടെ സഹായത്തോടുകൂടി ഫുക്കീൻ കടൽക്കരയിൽ ചൈനീസ് സേനയ്ക്കു വിജയങ്ങൾ സിദ്ധിച്ചിരിക്കുന്നു. മൂന്നു ലക്ഷം ജനസംഖ്യയുള്ള ഫൂച്ചോ തുറമുഖം പിടിക്കാൻ സാധിച്ചതും ഒരു പ്രസ്താവ്യമായ വിജയമാണ്. ജാപ്പുകൾ ഈ തുറമുഖത്തിൽ ആദ്യം പ്രവേശിച്ചതു് 1941 ഏപ്രിൽ 21-ാം തിയ്യതിയാണ്. ജപ്പാന്നു വിമാനസേനയും വേണ്ടത്ര ശേഷിയില്ലായ്കകാരണം കൂടുതൽ നാവികസേനയെ ഈ പ്രദേശങ്ങളിലേക്കു നീക്കം ചെയ്യാൻ സാധ്യമാവുന്നില്ല. ജപ്പാൻകാർക്കു കഴിഞ്ഞ വർഷത്തിൽ പററിയിട്ടുള്ള കപ്പൽനഷ്ടങ്ങൾ എത്രമാത്രം വമ്പിച്ചതാണെന്നു അഡ്മിറൽ നിമിററ്സിന്റെ ഈ വാരത്തെ പ്രസ്താവനയിൽനിന്നു വ്യക്തമാവുന്നുണ്ട്.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




ബർമ്മ സ്വാതന്ത്ര്യമായതോടുകൂടി, ചൈനയിലേക്കു വമ്പിച്ച ബ്രി: സേനകളും അമേരിക്കൻ സേനകളും പോകുന്നതിന്നു സാധ്യമായിരിക്കും. ബർമ്മയിൽ 6-ാം ചൈനീസ് സേന ചൈനയിലേക്കു തന്നെ തിരിച്ചിരിക്കുന്നു. ഇന്തോചൈനാ അതൃത്തിയിലുള്ള നാനിങ്ങ് ചൈനക്കാർ ഈ വാരമദ്ധ്യത്തിൽ കൈപ്പററിയതും ഒരു പ്രശസ്ത വിജയമാണ്. ശത്രുവിന്നെതിരായുള്ള ഒരു വമ്പിച്ച പ്രഹരത്തിനുള്ള മുഹൂർത്തം ആസന്നമായിരിക്കുന്നു. ശത്രുവിന്റെ കേട്ടുപാടുകളും, ബലഹീനതയും എവിടെയാണെന്നു ചൈനക്കാർ ഈയിടെ നമുക്കു കാണിച്ചുതന്നിട്ടുണ്ട്.

### ഫിലിപ്പൈനിലും ന്യൂഗിനിയയിലും

ജാപ്പുകളുടെ ആധിപത്യത്തിലുള്ള ഇന്തോ-ചൈനയിൽനിന്നു ദുർല്ലഭമായേ വർത്തമാനങ്ങൾ അറിയുന്നുള്ളുവെങ്കിലും, പാരീസിൽനിന്നു മേയ് 23-ാം തിയ്യതി കിട്ടിയ ഒരു റിപ്പോർട്ടു പ്രകാരം മെബോങ്ങ് പ്രദേശത്തു ഫ്രഞ്ചു സേനകൾ പോരാടുന്നുണ്ടെന്നു അറിയുന്നു. അവരുടെ വിമോചനദിനം വളരെ വിദൂരമല്ല. ഈ സേനകൾക്കു ഇന്നു വേണ്ടത്ര ആയുധങ്ങളും സജ്ജീകരണങ്ങളുമില്ലെങ്കിലും, അവർക്കു വിമാനമാർഗ്ഗമായി സാമഗ്രികൾ നൽകുന്നതിന്നുള്ള ഏർപ്പാടുകൾ ചെയ്യുന്നതായിരിക്കും. ഫോർമോസയിലും മററും ഈയിടെ ചെയ്ത ബോമ്പാക്രമണം ഫിലിപ്പൈനിലെ താവളങ്ങളിൽനിന്നാണെന്നു കേൾക്കുന്നു ഫിലിപ്പൈനിൽ ജാപ്പുകൾക്കു 3,785,000 പേർ നഷ്ടമായിരിക്കുന്നു. അതേസമയത്തു് അമേരിക്കക്കാർക്കു പററിയ നഷ്ടം അമ്പതിനായിരത്തിൽ ചില്ലറയുമാണ്. ഈ ദ്വീപുകളിൽനിന്നു മിക്കവാറും ശത്രുക്കളെ ആട്ടിത്തുരത്തിക്കഴിഞ്ഞു. ബ്രിട്ടീഷ് ന്യൂഗിനിയയിലും സഖ്യ വിജയങ്ങളുണ്ടായിരിക്കുന്നു.

### ശത്രുവിന്റെ ഉമ്മറപ്പടിയിൽ

ജപ്പാൻകാരുടെ എന്തുതന്നെയായാലും, സമരസന്നദ്ധതയും ത്യാഗബുദ്ധിയും നിഷേധിച്ചുകൂടാ. സുസാധമായ ഒരു വിജയമുണ്ടാവുമെന്ന ഗണനയ്ക്കു വിഘാതമായി എപ്പോഴും ഈ വാസ്തവം ഓർമ്മിക്കേണ്ടതുണ്ട്. ഒക്കിനാവയിലെ സമരം ഈ വാസ്തവത്തെ വ്യക്തമാക്കുന്നു. ഇത്ര അധികം ഉഗ്രമായ വിധത്തിൽ ജാപ്പുകൾ ഈ ദ്വീപിൽ ചെറുത്തുനിൽക്കുന്നതു് എന്തിനാണെന്ന് എടുത്തു പറയേണ്ട ആവശ്യമില്ല. ജപ്പാന്റെ ഉമ്മറവാതിൽപ്പടിയാണ് ഒക്കിനാവ: അതിന്റെ രക്ഷയനുസരിച്ചാണ് ജാപ്പു ദ്വീപുകളുടെ രക്ഷയും. ഇനിയത്തെ സഖ്യസേനാക്രമണം ക്യൂഷ്യൂവിലോ, ജാപ്പു ദ്വീപുകളിൽത്തന്നെയോ എന്നു ജാപ്പുകൾ പരിഭ്രമത്തോടെ ആലോചിച്ചുതുടങ്ങിയിരിക്കുന്നു. ഗതിമുട്ടിയപ്പോൾ ജർമ്മൻകാർ വി-ബോമ്പുകൾ കണ്ടുപിടിച്ചമാതിരി, ജാപ്പുകളും ആത്മഹത്യായുധങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടത്രേ!

ഈ വക സൂത്രവിദ്യകൾ നിഷ്പ്രയോജനമാവുമെന്നതിന്നു യാതൊരു സംശയവുമില്ല. ആത്മഹത്യാപരമായ ധീരതകൊണ്ടു മാത്രമായില്ല.

## വിജയദിനാഘോഷങ്ങൾ

(ഒ. ലേ.)

തിരുവിതാംകൂർ ലേബർ യൂണിററ് 72, സഖ്യകക്ഷികളുടെ വിജയത്തെ പുരസ്കരിച്ച് നല്കപ്പെട്ട പൊതു ഒഴിവുദിവസങ്ങളായ മേ ഒമ്പതും പതിമൂന്നും തിയ്യതികളിൽ ഏററവും ആഘോഷമായി വിജയദിനം കൊണ്ടാടിയിരിക്കുന്നു.

"സുപ്രഭ" എന്ന മലയാള ഗദ്യനാടകം, പ്രസ്തുത യൂണിററുകാർ വളരെ ഭംഗിയായി അഭിനയിക്കയുണ്ടായി. നാടകത്തിന്റെ വിജയപര്യവസാനത്തിന്ന് യൂണിററ് കമാൻഡർ ക്യാപ്ററൻ എൻ. ഏ. ഹാക്കും, സെക്കൻററ്-ഇൻ-കമാൻഡ് മി. നോബർട്ട് ജോർജ്ജ്, ബി.എ., എൽ.ടി.യും പ്രത്യേകം കാരണക്കാരാണ്. സൂപ്പർവൈസർമാരായ മി. ഫ്രാൻസിസ് രെബേറ, മി. സെബാസ്റ്റ്യൻ മൈക്കൾ എന്നിവരും അസി. സൂപ്പർവൈസർ മി. മൈക്കളും, യൂണിററു ക്ലാർക്ക് മി. കെ. നാരായണൻ നായരും നാടകത്തിൽ പ്രധാന പാർട്ടുകൾ അഭിനയിക്കുകയുണ്ടായി.

# പശ്ചാത്താപം പ്രായശ്ചിത്തം

(ജോൺ വി. ചാക്കോ.)

എന്റെ ജീവിതത്തിൽ ആദ്യമായിട്ടാണ് നേഴ്സുവർഗ്ഗത്തിന്റെ സംരക്ഷണത്തിനു ഞാൻ വിധേയനായതു്. ഈ പരീക്ഷയെ കുറിച്ചു പലതും ഞാൻ കേട്ടിരുന്നു. ഒരു 'സിസ്റ്റർ'—സാമ്രാജ്യസേവനത്തിലെ പരിചാരികാവിഭാഗത്തിന്നു കൊടുത്തിരിക്കുന്ന വ്യാപകാർത്ഥത്തിലുള്ള ഒരു നാമമാണിതു—എന്നെ ദയാപൂർവ്വം ശുശ്രൂഷിച്ചു. എനിക്കു ആ സഹോദരിയോടു വളരെ ആദരവുതോന്നി. ഈ ആർത്ത്രാണപരായണ സംഘത്തെ കുറിച്ചു ഞാൻ കേട്ടിരുന്നതെല്ലാം കഥകളായി തീർന്നു. രണ്ടു മൂന്നു ദിനരാത്രങ്ങൾ കഴിഞ്ഞു. എനിക്കു തെല്ലു ആശ്വാസം സംസിദ്ധമായി. ഞാൻ സന്തുഷ്ടനായി. അതേ, പകലോന്റെ പ്രഭാപ്രചുരിമയിൽ ആഹ്ലാദനിരതരായ മനുഷ്യവർഗ്ഗം, അതു, സമീപസ്ഥമായ കൂരിരുട്ടിന്റെ നാന്ദിയാണെന്നു മനസ്സിലാക്കുന്നുണ്ടോ ?

എന്റെ ജ്വരം മൂർദ്ധന്യദശയെ പ്രാപിച്ചു കഴിഞ്ഞു. തന്നിമിത്തം ഒരു പുതിയ 'വാർഡി'ലേക്കു മാററപ്പെട്ടു. അവിടെയുണ്ടായിരുന്ന ഒരു ആയയുടെ കൃത്യം കഴിഞ്ഞു. അടുത്ത നിയോഗം, മുക്കോണാകൃതിയിലുള്ള ഒരു വെള്ള തുണിതുണ്ടു കൊണ്ടു ശിരാച്ഛാദനം ചെയ്തു രംഗപ്രവേശം ചെയ്ത ഒരു നാടൻ മദാമ്മയുടെതായിരുന്നു. അവരുടെ നോട്ടവും നടപ്പും ധർമ്മവുമെല്ലാം ഒന്നു വേറെതന്നെ. കിംബഹുനാ ? എനിക്കു അവരിൽ വലിയ നീരസം ഉണ്ടായി. അതിന്റെ ഇരട്ടി എന്നോടുമുണ്ടായിരിക്കണം. ഒരു മലയാളി എന്നറിഞ്ഞപ്പോൾ തജ്ജന്യമായ ആശങ്കയോടെ ഞാൻ മാതൃഭാഷയിൽ ആ സത്വത്തിനോടു ചിലതു അറിയിക്കുവാനുദ്യമിച്ചു. അവൾ ആംഗലഭാഷയിൽ, താലവ്യദന്തോഷ്ഠ്യങ്ങളുടെ ഒരു വികൃതചേഷ്ടയോടെ എന്തൊക്കെയോ 'കുച്ചു കുച്ചു' ത്തു കൊണ്ടുപോയി. അതെനിക്കു മനസ്സിലായി. ഈ പച്ചപരിഷ്കാരി മദാമ്മയ്ക്കു ഇപ്പോൾ മലയാളം അത്ര രസിക്കയില്ലെന്നു താല്പര്യം. ഈശ്വരാ! ഗോപാൽ ഈ കാഴ്ച ഒന്നു കണ്ടിരുന്നെങ്കിൽ! ഞാൻ ചിന്തിച്ചുപോയി.

അവിടെ ആരെയോ കാണാൻ അവളുടെ കണ്ണുകൾ പതറുന്നുണ്ടായിരുന്നു; ഹൃദയം പിടയുന്നുണ്ടായിരുന്നു. അഹോ! ഞാൻ ആ കാഴ്ച നന്നിമേഷനായി കണ്ടുകൊണ്ടു കിടന്നു. ഇവരെ കുറിച്ചുള്ള കിംവദന്തികളുടെ യാഥാർത്ഥ്യം മനസ്സിലായി. അവരുടെ ആദർശം! ഈശ്വരാ, അവിടുന്നു ഈ ലീലകൾ ദർശിക്കുന്നില്ലേ! ഞാൻ അത്ഭുതപ്പെട്ടു. ഒന്നാംതരം പരിചരണം. ഉവ്വ്, അവർ പരിചരിക്കുന്നു. അഥവാ ആരാധിക്കുന്നു. ആരെ . . . . എന്തിനുവേണ്ടി ? . . . .

എന്റെ രോഗം എന്നെ പലവിധ സന്ദേഹത്തിലേക്കും മാർഗ്ഗദർശം ചെയ്തു. ഞാൻ വേപഥഹൃദയനായി. ജീവിതം നിരാശയിലാണ്ടു. സ്കൂൾ ഫയനൽ പരീക്ഷാവിജയിയായ ആ വർഷം ഞാനോർത്തു. മാതാപിതാക്കളുടെ നിർബ്ബന്ധമെന്റെ ചുററും താണ്ഡവമാടി. അവരുടെ നിർബ്ബന്ധത്തിനു വിധേയനായി ഞാൻ വിവാഹിതനായതോർത്തു. അതെ എന്റെ ജീവിതം ജീർണ്ണിച്ചു തുടങ്ങിയതു അവിടെയാണ്. ഞാൻ അനുതപിച്ചു. ആജ്ഞാനുസരണം കൈവരിച്ച ആ പുതിയ ജീവിതം എന്തെല്ലാം അനിഷ്ട സംഭവങ്ങൾക്കിടയാക്കി? അതിനൊരു നിവാരണമാർഗ്ഗം ഞാൻ കണ്ടുപിടിച്ചു. അവസാനമായി ആ നിലയനത്തോടു ഞാൻ യാത്രപറഞ്ഞു. എന്തിനുവേണ്ടി ? . . . എന്റെ അച്ഛാ! . . . അതു ഇവ്വിധത്തിലോ പൂർത്തിയാകുന്നതു്. ഇതു ഞാൻ സ്വപ്നമെങ്കിലും കണ്ടിരുന്നെങ്കിൽ! . . . ഞാൻ വിങ്ങിവിങ്ങി കരഞ്ഞുതുടങ്ങി.

ആ വാർഡിലുണ്ടായിരുന്ന പലരേയും അതു അചിരേണ ചഞ്ചലിതരാക്കി. എന്റെ ആയുസ്സിന്റെ പരിണാമം സംബന്ധിച്ച ഭിന്നാഭിപ്രായങ്ങൾ ഞാൻ അസ്പഷ്ടമായിട്ടെങ്കിലും കേട്ടു. ഞാൻ ഒന്നു ഞെട്ടി. വിവരം ധരിച്ച ആയ ഓടിവന്നു. പ്രകൃത്യാ യുവതികൾ ലോലഹൃദയരാണല്ലോ ? ചില പ്രത്യേക സംഭവങ്ങൾ അതിനെ ഒന്നുകൂടെ ആർദ്രമാക്കുന്നു. ഓണത്തിന്നു ഒരു മൂലം ആവശ്യമല്ലെ! അവർ എന്നെ സംബന്ധിച്ചു പൂർവ്വാധികമായി അന്വേഷിച്ചറിഞ്ഞു. "ബേബി!" ഞാൻ ആ കിളിമൊഴിയെ ഒന്നു നോക്കി. ആ പൂമുഖം എന്നോടു മാപ്പിരക്കുകയായിരുന്നു. "അറിയാതെ ചെയ്തും അപരാധം ക്ഷമിക്കണേ!" സഹോദരി തുടർന്നു. ആ കളനിസ്വനം എന്റെ ശ്രോത്രേന്ദ്രിയങ്ങളിൽ പീയൂഷവർഷം ചെയ്തു. ചില പൂർവ്വസ്മരണകൾ എന്റെ സ്മൃതിപഥത്തിൽ മിന്നിത്തിളങ്ങി. ഞാൻ ആ ഉപചാരികയെ ആപാദചൂഡം ഒന്നു വീക്ഷിച്ചു. "ബേബി! നിങ്ങളുടെ സതീർത്ഥ്യസരളയാണ്, ഞാൻ. ഈ വികൃതവേഷം കണ്ടു ആദ്യം തിരിച്ചറിയാതെപോയി. അതിൽ പരിഭവിക്കരുതേ." അവൾ ജടുതി അനന്തരകർമ്മങ്ങൾ, ശുശ്രൂഷകൾ തുടർന്നു. ഈ അന്ത്യഘട്ടത്തിൽ, ഒരു പ്രാവശ്യം കൂടെ, സുഖദേവത ഏതാനും നിമിഷത്തേക്കു എനിക്കാനന്ദമരുളി. അതെ, നരവർഗ്ഗത്തോടുള്ള അവസാനകടമ!

അസൗഖ്യത്തിന്റെ പരമകോടിയിലുണ്ടായ ഈ അവസ്ഥാന്തരം ഒരു നവോന്മേഷവും ഓജസ്സും എന്നിൽ പുനർജീവിപ്പിച്ചു. എന്റെ സഹപാഠിക്കു ആശ്വാസമായി. അവളുടെ ആ അപരാധത്തെക്കുറിച്ചു എത്രതന്നെ സ്വയം പഴിച്ചിട്ടും അവൾക്കു തൃപ്തിവന്നില്ല.

"മനുഷ്യനു ഒരു ഹൃദയമുണ്ടായിരിക്കണം. അവരുടെ പീഡനങ്ങൾ, അല്ലെങ്കിൽ, നമ്മുടെ കർത്തവ്യങ്ങൾ അറിയുന്നതിന്നുള്ള ഒരു ഹൃദയം ഉണ്ടായിരിക്കണം." ഞാൻ സരളയെ ഗുണദോഷിച്ചു തുടങ്ങി, "വിശേഷിച്ചു നിങ്ങൾക്കു; സഹോദരിലോകത്തിനു; ശുശ്രൂഷയ്ക്കു വേഷം കെട്ടി ഇറങ്ങിയവർക്ക്. ഏതത്കാലികങ്ങളായ പരിതസ്ഥിതികൾമൂലം, നമ്മുടെ ജീവിതത്തെ കളങ്കപ്പെടുത്തുന്ന, കുടുംബത്തെ കെടുത്തുന്ന ദുരഭിലാഷങ്ങൾക്കു വശംവദരാകരുതു്. കർത്തവ്യകർമ്മങ്ങൾക്കു വിലോപം വരുത്തരുതു്. ഈ വിധത്തിൽ ഞാൻ സരളയെ സ്വപ്നേപി വിചാരിച്ചിരുന്നില്ല. അതുകൊണ്ടാണ മനസ്സിലാവാതിരുന്നതും. ഈ സമയത്തു നിങ്ങളുടെ കർത്തവ്യകർമ്മങ്ങൾ മറക്കുകയാണെങ്കിൽ, ആയോധനത്തിന്റെ ബഹുലവശങ്ങളെയും സധൈര്യം എതിർത്തു അനന്തവൈക്ലബ്യമോ അംഗവികലനമോ കൈവന്നു ദീനദീനം ആസ്പത്രിയെ ആലംബമാക്കുന്ന സഹോദരങ്ങളോടു ഇതേ നയംതന്നെ അനുവർത്തിക്കുന്നെങ്കിൽ, സരളേ! ഈ ഭാരതാംബയ്ക്കുവേണ്ടി ധീരധീരം പോരാടുന്നതിന്നു എത്രതരുണന്മാർ ബദ്ധകങ്കണരാകുമെന്നു എപ്പോഴെങ്കിലും ചിന്തിക്കുന്നുണ്ടോ ? ശുശ്രൂഷ. എന്തിനധികം വിസ്തരിക്കുന്നു ?"

അവൾ കരഞ്ഞു; പൊട്ടിപൊട്ടിക്കരഞ്ഞു. ആ കണ്ണുനീരിലൂടെ അവളുടെ പാപപങ്കിലമായ കൃത്യങ്ങൾ കഴുകിക്കളഞ്ഞുകൊള്ളട്ടെ.

എനിക്കോർമ്മവന്ന ആ രണ്ടുവരികൾ ഞാൻ പാടി.

"കേഴുക, കേഴുക കേഴമാൻ കണ്ണാളേ!
കേഴവോർക്കാശ്വാസമേകുമീശൻ."

"ആയാൾക്കു ജ്വരമധികമുണ്ടു, അതാ പിച്ചും പേയും പറയുന്നു." ഡോക്ടരും രണ്ടു നേഴ്സുമാരും എന്റെ അടുത്തുവന്നു. അവർ എന്തിനുള്ളഭാവമാണ് ? . . . . .

കൈവന്നു വിജയം, നമുക്കിനി ഭയ-
ന്നീടേണ്ട യൂറോപ്പിലെ-
പ്പാവപ്പെട്ട ജനങ്ങൾ ഫാസിസമഹാ-
രോഗക്രമോന്മുക്തമായ്,
കൈവല്യപ്രദമായ ശാന്തീ തളിരും-
താരുംചുമന്നിന്നിമേ-
ലാവന്നാട്ടിലെ യന്തരീക്ഷമഖിലം
സൌരഭ്യമേററും ചിരം!

# പൌരോഹിത്യവും ശാസ്ത്രവും

മതം ശാസനയിൽനിന്നു അഭിപ്രായം മാത്രമായി രൂപാന്തരപ്പെട്ടതു് ആർക്കുമറിയാം. അതു മതത്തിൻെറ സന്മനസ്സും ഹൃദയവിശാലതയും മൂലമാണെന്നു് അതിൻെറ കിങ്കരന്മാർ വാദിക്കയും ചെയ്യുന്നു. എന്നാൽ മതം—ബുദ്ധൻെറയും ക്രിസ്തുവിൻെറയും മുഹമ്മദിൻെറയും മഹാവീരൻെറയും അഭിപ്രായപ്രകാരം തന്നെയാണോ നിലകൊള്ളുന്നതെന്നും അഥവാ അതിനു വന്നിട്ടുള്ള പരിണാമത്തിൻെറ ഉത്തരവാദിത്വം മററാർക്കെങ്കിലുമുണ്ടോ എന്നും ആരാഞ്ഞുനോക്കാം.

ഭൂമിയിലെ ബുദ്ധിമാനായ ആദ്യത്തെ മനുഷ്യൻ പുരോഹിതനായിരുന്നു എന്നുവേണം വിചാരിക്കുവാൻ. പക്ഷെ കായികശക്തി വർദ്ധിച്ചിരുന്ന അക്കാലത്തെ ജനതയെ വശത്താക്കുവാൻ അവരിൽത്തന്നെ അല്പം ബുദ്ധിയുള്ള ഒരുവനെ സ്വാധീനിക്കേണ്ടതു ആവശ്യമാണെന്നു പുരോഹിതൻ ഗ്രഹിച്ചു.

ആകാശത്തിലിരിക്കുന്ന രാജ്യതന്ത്രജ്ഞനായ ദൈവം ഭൂമിയിലേക്കു ചില അപ്പോസ്തൽമാരെ അയച്ചിട്ടുണ്ടെന്നും അതു തങ്ങളാണെന്നും പുരോഹിതനും അനുയായികളും കൊട്ടിഘോഷിച്ചു. അതിനുമുമ്പു് രാജാവു പ്രത്യക്ഷ ദൈവമാണെന്നും, ആ ഭൂമിയിലെ ദൈവത്തെ കീഴ്വണങ്ങേണ്ടതു് പ്രജകളുടെ അനിവാര്യകർത്തവ്യമാണെന്നും ജനതതിയെ പുരോഹിതൻ ധരിപ്പിക്കാതിരുന്നില്ല.

സക്രമം ഭരണകാര്യങ്ങളിൽ അയാൾ കൈകടത്താൻതുടങ്ങി. വിശ്വാമിത്രനു രാജ്യകാര്യങ്ങൾക്കുപുറമേ ദശരഥമഹാരാജാവിൻെറ മക്കളുടെ വിവാഹകാര്യത്തിൽപോലും ഒരു വലിയ കൈയുണ്ടായിരുന്നുവത്രെ! രാവണൻെറ കുലഗുരുപോലും ശുക്രാചാര്യയായിരുന്നു. ഇങ്ങനെ ആര്യന്മാരുടെയും ദ്രാവിഡന്മാരുടെയും ഭരണതന്ത്രമാകെ പുരോഹിതൻെറ ചൊല്പടിയിൻകീഴിലായിരുന്നുവെന്നതിന്നു ദൃഷ്ടാന്തങ്ങൾ സുലഭമാണു്. ബുദ്ധചക്രവർത്തിമാരും ജൈനമതത്തിൽപ്പെട്ട ഭരണമേധാവികളും താന്താങ്ങളുടെ മതത്തിലെ പുരോഹിതന്നുമുമ്പിൽ, ഗുരുനാഥൻെറ സമക്ഷം കൊച്ചുവിദ്യാർത്ഥിയെപ്പോലെ കൈകെട്ടി, വായ്പൊത്തി, ഭയന്നു വിറച്ചുനിന്നു. ഇതുകൊണ്ടും സംതൃപ്തിവരാതെ, മതമദിരനല്കി ഈ രാജ്യതന്ത്രപ്രവീണരെ പുരോഹിതൻ മത്തു പിടിപ്പിച്ചു. ഔറംഗസീബിൻെറ മതഭ്രാന്തും ശിവാജിയുടെ പ്രതികാരമനസ്ഥിതിയുമാണു് അക്കാലത്തുണ്ടായ നിരവധി മനുഷ്യജീവികളുടെ കഴുത്തറുത്തു വീഴ്ത്തലിന്നും പാതിരാവിലെ കൊട്ടുംകൊള്ളകൾക്കും ഉത്തരവാദിത്വം വഹിക്കേണ്ടതു്. യൂറോപ്പിലെ മതഭ്രാന്തു് ഇതിലും പതിന്മടങ്ങു് പൈശാചികത്വമേറിയതാണു്. ജോൺ ഓഫ് ആർക്കിനെ ജീവനോടെ തീവെച്ചു ദഹിപ്പിച്ചതിന്നും ചാറത്സ് ഒന്നാമനെ തൂക്കിക്കൊന്നതിന്നും ആർച്ച് ബിഷപ്പ് തോമസ് ബെക്കററിൻെറയും ലൂയി പതിനാറാമൻെറയും തല വെട്ടി വേറെ വീഴ്ത്തിയതിന്നും പരിതസ്ഥിതികളുടെ നീരാളമണിഞ്ഞുകൊണ്ടു് തിരശ്ശീലക്കു പിന്നിൽ നിന്നിരുന്ന മതം അന്നു കുറേയേറെ പണിപ്പെട്ടിട്ടുണ്ടു്.

മേൽപ്പറഞ്ഞവരെല്ലാം ഒന്നല്ലെങ്കിൽ മറെറാരു വിധത്തിൽ ചരിത്രത്തിൽ പേർ കൊടുത്തവരാണല്ലോ. ഇനിയും പേരു കൊടുക്കാത്ത എത്രയെത്ര ജോണും ചാർലസ്സും ലൂയിയും മാറത്തടിച്ചു നിലവിളിച്ചുകൊണ്ടു് മൺമറഞ്ഞിട്ടുണ്ടെന്നു ആർക്കു പറയാം? മതം! അതിൻെറ മുന്നിൽ തല കുനിക്കുന്നതിന്നുമുമ്പു് അതിൻെറ പേരിൽത്തന്നെ നടന്നിട്ടുള്ള കവർച്ചയേയും ഘാതകവൃത്തികളേയും പററി നിങ്ങൾ ഒന്നു ചിന്തിച്ചുനോക്കണമെന്നേ ഞാൻ പറയുന്നുള്ളു. ഇത്രയും ചെയ്തുകഴിഞ്ഞശേഷം ആകാശത്തേക്കു നോക്കി 'ദിവ്യമാല' യും ജപിച്ചുകൊണ്ടു് പുരോഹിതൻ എന്നോടു പറഞ്ഞു: "കുട്ടി ശ്രദ്ധിക്കു! സത്യം, ധർമ്മം, നീതി അതാണു് ഈശ്വരൻ, അതാണു് ഞാൻ, അതാണു് എൻെറ മതം" എന്നു്.

ലോകോല്പത്തിയെക്കുറിച്ചുള്ള വിഭിന്നമതങ്ങളുടെ അഭിപ്രായം പരസ്പരം തുലനം ചെയ്യുമ്പോൾ അവ വളരെയേറെ വ്യത്യസ്ഥമായതല്ലെന്നു കാണാം.

ഒരു ദിവസം മദ്ധ്യാഹ്നഭോജനശേഷം ദൈവം കല്പിച്ചു "ഭൂമിയുണ്ടാകട്ടെ" യെന്നു്. പിറേറ ദിവസം "വെളിച്ചം", പിന്നെ പലതും, അവസാനം ആദമും അവ്വായും. ആകാശത്തു യഥേഷ്ടം സഞ്ചരിക്കുവാനും സമുദ്രത്തിന്നുള്ളിൽ ഒളിച്ചു കളിക്കാനും ദൈവങ്ങൾക്കു സാധിച്ചു, അല്ല മനുഷ്യന്നു അസാദ്ധ്യമാണവ. സൃഷ്ടിയും അതുപോലെയുള്ള അത്ഭുതകൃത്യങ്ങളും "ദൈവത്തിൻെറ" യാണെന്നും മററും കത്തകവാദികളായ ഒരു കൂട്ടം ബുദ്ധിശാലികളായ പുരോഹിതന്മാർ വാദിച്ചു. പൊതുജനങ്ങൾ അതും വിശ്വസിച്ചു.

ഇങ്ങനെ രാഷ്ട്രമാകെ തൻെറ കാൽച്ചുവട്ടിലായെന്നു് നയശാലിയായ പുരോഹിതൻ മനസ്സിലാക്കി. പിന്നീടു അമ്പലങ്ങൾക്കും പള്ളികൾ

സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.

ക്കും എങ്ങുനിന്നോ വന്ന ചില അദൃശ്യമായ മാഹാത്മ്യം ജനാവലി കല്പിച്ചുകൊടുത്തു. കാരണം രാജ്യത്തെ നിയമാവലിപോലും പുരോഹിതൻ നിർമ്മിക്കയായിരുന്നു. കരിങ്കൽ പ്രതിമക്കു മുന്നിൽ നമസ്കരിക്കാത്തവനേയും, കുരിശിന്നു മുമ്പിൽ സാഷ്ടാംഗം മുട്ടു കുത്താത്തവനേയും സമുദായം അവഹേളിക്കുകയുണ്ടായി..........

അങ്ങിനെയിരിക്കെ പത്തൊമ്പതാം ശതാബ്ദത്തിൻെറ മദ്ധ്യത്തോടുകൂടി യൂറോപ്പിൽ ഒരു കൊടുങ്കാററു വീശി—നവോത്ഥാനപ്രസ്ഥാനം. അതു ലോകമാസകലം പടർന്നുപിടിച്ചു. ശ്വസിച്ചു ശ്വസിച്ചു, ജീവാംശമെല്ലാം നശിക്കയും അംഗാരമാത്രം മാത്രമവശേഷിക്കയും ചെയ്തു ഒരു ദുഷിച്ച മണ്ഡലത്തിൽ ജീവിച്ചിരുന്ന ജനാവലിക്കു അതൊരു അമൃതധാരയായിരുന്നു. സ്വാതന്ത്ര്യചിന്തക്കും പുരോഗമനയത്നങ്ങൾക്കും അതു ബീജാവാപം ചെയ്തു. തങ്ങളാകെ ഒരുതരം അടിമകളാണെന്നും ചില ധിഷണാപടുക്കളായ സ്വാർത്ഥികൾ തങ്ങളെ ഭരിക്കുന്നുവെന്നും മനസ്സിലാക്കിയ പൌരാവലിയുടെ കോപഗർജ്ജനം ഒരു വലിയ കോളിളക്കമുണ്ടാക്കി. എങ്കിലും ഈ ആശാസ്യമായ വികാസത്തെ ഒരു കൂട്ടർമാത്രം തങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ചു് എതിർത്തു. ഫലിച്ചില്ലെന്നു മാത്രം! ചാറത്സ് ഡാർവിൻെറ പരിണാമവാദത്തെ തച്ചുടക്കാൻ മതം ഭഗീരഥപ്രയത്നം ചെയ്തതു എനിക്കും നിങ്ങൾക്കുമറിയാം.

ആദമിനെ പെട്ടെന്നു സൃഷ്ടിക്കുന്നതിന്നുമുമ്പു്—നിങ്ങളുടെയും എൻെറയും ആ ആദിപിതാവിന്നുമുമ്പു്—നരനും വാലുള്ള വാനരനും ഏകോദരസഹോദരന്മാരാണെന്നും അവർക്കു ഒരു പൊതു പിതാവു ഉണ്ടായിരുന്നുവെന്നും യുക്തിയുക്തം ഡാർവിൻ പ്രസ്താവിച്ചുപോയി. മതത്തിൻെറ പിച്ചള പുറത്തുവന്നു.............കോപകോമരംകൊണ്ട മതം ജീവിതം മുഴുവൻ മനുഷ്യവർഗ്ഗത്തിൻെറ പുരോഗതിക്കുവേണ്ടി ചിലവഴിച്ച ആ സാധു ശാസ്ത്രജ്ഞൻെറ നേർക്കു് വജ്രായുധമെടുത്തു പുറപ്പെട്ടു. ഡാർവിൻെറ ദുരന്തമായ അനുഭവം അദ്ദേഹത്തിന്നു മുമ്പും പിമ്പും ഉണ്ടായിട്ടുള്ള ഓരോ ശാസ്ത്രജ്ഞനും വിഭിന്നരൂപത്തിൽ ഉണ്ടായിട്ടുണ്ടു്. അവസരസേവകനാകുവാൻ അറിവില്ലാത്തതു ശാസ്ത്രജ്ഞൻെറ കുററമായിപ്പോയത്രെ! ശാസ്ത്രത്തിൻെറ ഏററവും വലിയ ശത്രുവാണു് മതം.

സന്ദർഭാനുസാരം പുരോഹിതൻ വേഷം മാറി. എങ്കിലും തൻെറ പരിസരങ്ങളിലൊന്നും ശ്രദ്ധിക്കാതെ ശാസ്ത്രജ്ഞൻ പരിശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ നയജ്ഞനായ പുരോഹിതൻ പറഞ്ഞു: "ഈ സങ്കുചിതമായ ഭൂമിയിൽ വെച്ചു് മനുഷ്യൻ പലതും പറയും, ചിലതു പ്രവൃത്തിക്കും. പക്ഷെ ഇതിന്നുശേഷം കുറേ നാൾ കഴിഞ്ഞാൽ അവൻെറ ശരീരം ഇവിടെ കിടക്കുകയും ആത്മാവു ആകാശത്തിലുള്ള അതിഥിമന്ദിരത്തിലേക്കു പോവുകയും ചെയ്യു"മെന്നു്—നാകവും നരകവും!

അതാ കുറേ കൊല്ലങ്ങൾക്കുമുമ്പു ഈ 'വിഷമക്കാര'നായ ശാസ്ത്രജ്ഞൻ ഒരു മുപ്പതിനായിരം അടി ഉയരെ വാനിലേക്കു ഉയർന്നു. പറന്നു്, അവിടെയെല്ലാം ആ അതിഥിമന്ദിരം തപ്പിനോക്കി. . . . നിരാശനായി മടങ്ങിവന്നിട്ടു് അയാൾ പറയുകയാണു്: "ദേവന്മാർക്കോ അമാനുഷന്മാർക്കോ മാത്രം വിഹരിക്കുവാനുള്ളത്ര സങ്കുചിതമായതല്ല വായുമണ്ഡലം. ഈ 'പുഷ്പക' വിമാനമൊക്കെ ഒരു പൊതുസ്വത്താണു്. കത്തകവാദം ഇനിയെങ്കിലും അവസാനിപ്പിക്കണെ" യെന്നു്.

പുരോഹിതൻ പകച്ചുനോക്കി. നെടുവീർപ്പിട്ടുകൊണ്ടു് അയാൾ പറഞ്ഞു: "ഈ ഗുലുമാലു പിടിച്ച ശാസ്ത്രജ്ഞൻ, സമുദ്രത്തിന്നടിയിൽ താമസിക്കുന്ന ജലദേവതകളേയോ, തദധീശനായ വരുണനേയോ വല്ലതും ചെയ്യട്ടെ, അപ്പോൾ കാണാം!" എന്നു്. എന്നിട്ടോ? ആയിരക്കണക്കിൽ മുങ്ങിക്കപ്പലുകൾ സമുദ്രം കലക്കിമറിച്ചു നോക്കി. വെറും ചളി പുരണ്ട കുറേ മണലല്ലാതെ അവിടെ വേറെയൊന്നും കാൺമാനുണ്ടായിരുന്നില്ല.

ഭൂമി, ജലം, വായുമണ്ഡലം ഇവിടെയൊരിടത്തും പുരോഹിതൻ പറയുന്ന ദൈവത്തിനെ കാൺമാൻ ശാസ്ത്രജ്ഞനു കഴിഞ്ഞില്ല. "എവിടെ, മിസ്റ്റർ നിങ്ങൾ ഈ പറയുന്ന ദൈവം?" എന്നു നിഷ്കളങ്കഹൃദയൻ, ഭൂമിയിലെ ഈശ്വരൻെറ ആ പ്രതിനിധിയോടു ചോദിച്ചു. "നില്ക്കു, പറഞ്ഞു തരാം" എന്നു പറഞ്ഞുകൊണ്ടു് തൻെറ മുറിയിൽ കടന്നു പുരോഹിതൻ വാതിലടച്ചു. ഉത്തരം എന്തായിരിക്കുമെന്നു ഇപ്പോൾ തന്നെ ആളുകൾ ഊഹിച്ചുതുടങ്ങിയിട്ടുണ്ടു്. അതെന്താണെന്നോ? "എഴുത്തു കൊണ്ടുവരുവാൻ ആളില്ലാത്തതിനാൽ ഞാൻ തന്നെ അതു കൊണ്ടുവന്നു" വെന്നു് അല്ലെങ്കിൽ "ഞാൻ തന്നെയാണു് നിങ്ങൾ അന്വേഷിക്കുന്ന ദൈവം" എന്നു പുരോഹിതൻ മറുപടി പറയുവാൻ ഇടയുണ്ടു്.

ആ മണിമേടക്കകത്തിരുന്നു സുന്ദരിയായ തൻെറ ഭാര്യയുടെ തുടുത്ത കവിൾത്തടങ്ങളിൽ ചുംബിക്കുകയും രസിക്കുകയും ചെയ്യുന്ന പുരോഹിതൻെറ സമീപത്തു ഒരു ഇടുങ്ങിയ മുറിയിൽ അതാ കൃശശരീരനും അർദ്ധനഗ്നനും ആയ ഒരു മനുഷ്യൻ രാത്രി മുഴുവൻ തൻെറ കരിപുരണ്ട മണ്ണെണ്ണ വിളക്കിനു സമീപമിരുന്നു ജോലി ചെയ്യുന്നു. ചിലതു കത്തിക്കുന്നു, തിളപ്പിക്കുന്നു, വീണ്ടും ആലോചിക്കുന്നു. ഇതിനിടക്കു പുറത്തേക്കു വന്നു ചില അത്ഭുതരഹസ്യങ്ങൾ—"മരിച്ചവരെ ജീവിപ്പിക്കാം" തുടങ്ങിയവ, സോദാഹരണം പ്രഖ്യാപനം ചെയ്യുന്നു. പക്ഷെ അദ്ദേഹം ചിരിക്കുന്നില്ല. എന്തെന്നാൽ ലോകത്തിന്നു അനുപമഗുണം ഇനിയും പ്രദാനം ചെയ്യേക്കാവുന്ന തൻെറ പുതിയ കണ്ടുപിടുത്തം പൂർത്തിയാവുന്നതിന്നുമുമ്പു് ഒന്നു ചിരിക്കുവാൻപോലും ആ നിസ്വാർത്ഥിയായ പരിശ്രമശാലിക്കു—ശാസ്ത്രജ്ഞന്നു—സമയം ലഭിക്കുന്നില്ല. എന്നിട്ടും പുരോഹിതൻെറ വാക്കുകൾ കേട്ടു ചിലർ ആ സാധു മനുഷ്യനെ അപലപിക്കുന്നു!! പുരോഹിതൻ പറയുന്ന ഈശ്വരനോടു ചെയ്യുന്നതിലും എത്രയും വലിയ കൃതഘ്നതയല്ലെങ്കിൽ ഇതു മറെറന്താണു്?

# ജപ്പാൻ-സമരപരിപാടിയിലെ ഇനിയത്തെ ഇനം

(കെ. പി. കെ. ഉണ്ണി)

അഖണ്ഡമെന്നും അഭേദ്യമെന്നുമെല്ലാം ഒരു കാലം അലറിയാഘോഷിക്കപ്പെട്ടിരുന്ന ഉള്ളു തുളനിയ ബർല്ലിൻ നീപ്പോള ഇന്നിതാ ഇഞ്ചിനിവാരതവണ്ണം തകർന്നു തവിടുമാറായി ജർമ്മനിയുടെ ജനയിതാവും അതോപ്പ തന്നെ അതിൻെറ സംഹാരകാരകനുമായ ഹെർ ഹിററലർ നാമാവശേഷനായി; അല്ലാ, വല്ല കോണിലും ഉയിരോടമരുന്നുണ്ടെങ്കിൽതന്നെ 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന നിലയിലുമായി. വിശ്വവീക്ഷണകോണം പൂർവ്വചക്രവാളത്തിലും പതിഞ്ഞു. അവിടെയാണ് ഇനിയത്തെ സമരരംഗം.

ജപ്പാൻെറ കഴിവും കയ്യിരിപ്പും കേവലം ലാഘവമായ് കരുതേണ്ട. ഈ മുൻകരുതൽ പലരും പല പ്രാവശ്യങ്ങളിലും തന്നുകൊണ്ടിരിക്കുന്നുണ്ട്. ജപ്പാനുമായ് പരിചയിച്ചവർ— അവരിലൊരാളായ ടോക്കിയോവിൽ ഇതിനു മുമ്പുണ്ടായിരുന്ന അമേരിക്കയിലെ പ്രതിനിധിയായ ജോസഫ് സി. ഗ്രൂ വളരെ കാലം മുതല്ലേ, ജപ്പാൻെറ വ്യവസായിക ശക്തിയെ ലഘൂകരിച്ചു കരുതുന്ന ലോകത്തിന്ന് പലവുരു അതിന്നെതിരായുള്ള മുന്നറിവുകൾ കൊടുത്തുവന്നിരുന്നു. മലയാ, ബർമ്മ, ഡച്ച് പൂർവ്വേന്ത്യാ ദ്വീപുകൾ, ഇൻഡൊചൈന എന്നീ രാജ്യങ്ങൾ അധീനത്തിലായതോടുകൂടി മുൻപറഞ്ഞ മുന്നറിവുകൾ കൂടുതൽ ഗൌരവശബ്ദങ്ങളായി. പ്രതിവർഷം 2,500,000 ടൺ ഇരുമ്പും 9,000,000 ടൺ എണ്ണയും 780,000 ടൺ റബ്ബറും 1,500,000 ടൺ ചെമ്പുരയും അതിനു മുമ്പ് ജപ്പാനിലുണ്ടായിരുന്ന മുതലെടുപ്പുകൾക്കു പുറമെ കൂടികിട്ടി.

പാശ്ചാത്യനുകരണ പ്രവർത്തനങ്ങളാലും അവിശ്രമശ്രമഫലമായും ഈ ഭൂഖണ്ഡം പണ്ടേ ലോകോത്തരകോയ്മകളിലൊന്നായിത്തീർന്നിട്ടുണ്ട്. വ്യവസായിക വൈപുല്യം, യന്ത്രനിർമ്മാണനൈപുണ്യമെന്നിവകളാൽ ഇംഗ്ലണ്ട്, അമേരിക്ക എന്നീ രാജ്യങ്ങളിലെ ചില പട്ടണങ്ങളോടു ഇവിടുത്തേതിനും കിടപിടിക്കും.

ജപ്പാനിൽ മുഖ്യമായി നാലു വ്യവസായ കേന്ദ്രങ്ങളാണുള്ളതു്:—

(1) യുക്കോക—യവാട പ്രദേശങ്ങൾ. സാമ്രാജ്യത്തിലെ ഉരുക്കും ഇരുമ്പും ഇവിടെ നിന്നാണ് വരുന്നതു്.

(2) കോബ്—ഒസാകാ വിഭാഗം. ടാങ്കുകൾ കപ്പൽപണിത്തരങ്ങൾ, യുദ്ധത്തിന്നു വേണ്ട മററു നാനാവിധ ഉപകരണങ്ങളെല്ലാം ഇവിടെ ഉണ്ടാക്കിവരുന്നു.


(3) നഗോയാ ദേശം. ഇവിടെയാണ് വിമാനനിർമ്മാണം നടക്കുന്നതു്.


(4) ടോക്കിയൊ—യൊക്കോഹമാകേന്ദ്രം. ഏററവും ജനബാഹുല്യവും വിവിധവ്യവസായ ശാലകളും ഇവിടെയാണ്.

1897-ാമാണ്ടു് സ്ഥാപിതമായ, വാട്ടയിലെ ഇമ്പീരിയൽ അയൺ ആൻറ് സ്റ്റീൽ വർക്ക്സിൽ നിന്ന് ആണ്ടുതോറും 15,000,000 ടൺ ഇരുമ്പ് കിട്ടിവരുന്നുണ്ട്. 245 ഏക്കറോളം സ്ഥലം വ്യാപിതമായ പ്രസ്തുത കമ്പിനിയിലിപ്പോൾ 10,000 ൽ മീതെ വേലക്കാരുമുണ്ട്. മഞ്ചൂറിയായിലെ ആൻഷനിലുള്ളതാണ് രണ്ടാമത്തെ വമ്പിച്ചൊരു കമ്പനി. ഏവംവിധങ്ങളായ യന്ത്രാലയങ്ങൾ വേറെയും ജാപ്പാൻെറ കിഴക്കെ കടലോരങ്ങളിൽ കിടക്കുന്നുണ്ട്.

പ്രധാനമായ ഫാക്ടറികളെല്ലാം കേന്ദ്രീകൃതമായിരിക്കുന്നതു് ടോക്കിയൊ-ഒസാക ഉൾക്കടൽ പ്രദേശങ്ങളിലാണ്. യുദ്ധാരംഭത്തിനു മുമ്പ് ജപ്പാനിലാകെയുണ്ടായിരുന്ന 106,005 ഓളം തൊഴിൽശാലകളിൽ മൂന്നിലൊരുഭാഗം മേൽപറഞ്ഞ പ്രദേശങ്ങളിലായിരുന്നു. യുദ്ധകാല വ്യവസായപരിധി ഫോർമോസ, കൊറിയ, മഞ്ചൂറിയ, വടക്കെ ചൈന എന്നീ രാജ്യങ്ങളിലേക്കും സംക്രമിച്ചിട്ടുണ്ട്.

## ജാപ്പുകളുടെ നീചകൃത്യങ്ങൾ





സഖ്യസേനകൾ റംഗൂണിൽ ജാപ്പുകൾ യുദ്ധത്തടവുകാരാക്കിപ്പിടിച്ച ഇവരെ സ്വതന്ത്രമാക്കി. ചിത്രത്തിൽനിന്നുതന്നെ ജാപ്പുകൾ അവരോട് എങ്ങിനെയാണ് പെരുമാറിയിരുന്നതെന്നു വ്യക്തമാണ്. താഴെ കാണുന്ന പടത്തിൽ ഒരു തടവുകാരനായ ഡോക്ടർമേജർ മക്ലിയോഡ് (കനഡ) കാൽ മുറിഞ്ഞ ഒരാളെ പരിശോധിക്കുന്നു. തടവുകാർക്ക് മരുന്നോ, മററു സൌകര്യങ്ങളൊ ഉണ്ടായിരുന്നില്ല.

ജപ്പാൻെറ കൈവശം തുരുപ്പുകൾ വേറെയും വളരെയുണ്ട്. ഇന്നും എന്നും അതിനു് യുദ്ധോപകരണസാമഗ്രികളുടെ നിർമ്മാണനിർവ്വഹണത്തിന്നു കഴിയും. കാരണം, അതിനാവശ്യങ്ങളായ സാധനങ്ങൾ അതേ നാട്ടിൽ വിളയുന്നുണ്ട്. ഭക്ഷണപദാർത്ഥങ്ങൾക്കാണെങ്കിൽ ജപ്പാൻ ഒരക്ഷയപാത്രമെന്നുതന്നെ പറയണം. വായുവിൽ സഖ്യശക്തികളുടെ വിമാനമൊന്നിന്ന് ഇവക്കഞ്ചെണ്ണം നശിച്ചുപോകുന്നുണ്ടെങ്കിലും അതേ തോതിലതേസമയം ഫാക്ടറിയിൽ ആവിർഭവിക്കുന്നുമുണ്ട്. ലോകത്തിൽ ഇതര വിമാനങ്ങളെപ്പോലേ തന്നെ മേത്തരങ്ങളാണ് ഇവരുടേതും.

ജപ്പാൻ ഒരു "കാഡ് ബോഡ് എംപയർ" ആണെന്ന പഴയ വിശ്വാസം വെറും

(ശേഷം 9-ാം പേജിൽ)

നാട്ടിൻപുറങ്ങളിൽനിന്ന്

# തോണിക്കടവത്ത്

[കടവുപുരയിൽ തോണിക്കാരൻ കുഞ്ഞാലിയും അബുബക്കരും. സമയം സന്ധ്യയോടടുക്കുന്നു.]

അബു : എടാ കുഞ്ഞാലി, ജ്ജ് ന്ന് ചന്തയ്ക്കുായിരുന്നോ? പ്പ ന്താട, ബിശേശങ്ങള്? അന്ത്യാളം പണിയ്ത് പണിയ്ത് ഇത്തന്തടെ ആരോക്യം നശിച്ചു. ഇപ്പൊന്ന് പൊറത്തേക്ക് പോവാനും വജ്ജ. എന്താടാ, ഇപ്പോ ഇണ്ടീം മുണ്ടിനും ഒക്കെ ക്ഷാമാന്ന് കേട്ടു.

കുഞ്ഞാലി : മൂത്താപ്പേ, തുണില്ലെന്നെ. ങ്ങള് ആ ചേക്കുട്ട്യാക്കാടെ പീട്യേല് ഒന്നു പോയ്യോക്കിൻ. മനുസന്മാര്, പുത്തെങ്ങാടി നേർച്ചയ്ക്ക് സക്കാത്ത്പണം എറിമ്പൊ കൂടില്ലേ അതിലും പരപ്പ് ജനങ്ങള്! ഓ! ന്റെ റസൂലേ, ഞമ്മടെ പ്രദേശത്ത് ണ്ടോ ത്ര ജനങ്ങള്?

അബു : അവററങ്ങക്ക് തുണി കിട്ടുന്നുണ്ടോ? ഞമ്മടെ സാൽമ്യാക്ക കൊറച്ച് പടച്ചോനെ പേടിള്ള ആളാണ്. മൂപ്പര് എപ്പോം കൊറാൻ വായിച്ച് മഹല്ലുക്കങ്ങൾക്ക് ഉപദേശം പറഞ്ഞ് പീടികക്കോലായില് ഇരിക്കും. ഞങ്ങള് വല്ല്യേ ദ്ലേര്ന്നു. ജ്ജ് ന്റെ കുട്ട്യാന്ന് പറഞ്ഞാ തുണി തരും. നാളെ പോമ്പൊ ബീബിയ്ക്ക് ഒരു സൂപ്പ് വാങ്ങി കൊണ്ടാ, ട്ടൊ.

കുഞ്ഞാലി : ങ്ങള് ഇപ്പോഴും പഴേ ബിസൂസ്സും പറഞ്ഞിരിക്കാ. ങ്ങക്ക് പുതിയതൊന്നു അറീല്ല ന്റെ ങ്ങളേ. നാലഞ്ചു കൊല്ലം മ്പേത്തെ ദുനിയാവല്ല ഇത്. മണ്ണും മനുസനും ഒക്കെ മാറി. സാൽമിക്കാ ഇപ്പാവും കിത്താബ് വായിക്കും! പക്കെ അതൊക്കെ വേറെ, കച്ചോടം വേറെ. തുണി കിട്ടണെങ്കി കടേക്കിട്ടില്ല. മൂപ്പരും ചെക്കുട്ട്യാക്കയും പറേം: "ഞമ്മടെ ഇസ്റ്റോക്ക് തീർന്നു, ബാപ്പ കോഴിക്കോട്ട് പോയിട്ടുണ്ട്. തുണി കിട്ട്യാ തരാം. ലാഭം ഇല്ലാഞ്ഞാലും വേണ്ടില ചരക്ക് കിട്ട്യാ മത്യായിരുന്നു. പടച്ചോന്റെ വേണ്ടുകകൊണ്ട് അവൻ വരട്ടെ." ഈ പ്രസംഗം കേട്ട് മനുസന്മാരൊക്കെ പിരീം ചെയ്യും. നാളെപ്പോയാ മൂപ്പന്മാരടെ ഈ പ്രസംഗം ച്ചും കേക്കാം. തുണി കിട്ടില്ല.

അബു : എട ചെക്കാ, ജ്ജ് കൊറെ അധികം പരിഷ്ക്കരിക്ക്ണ്. പഴേ ആള്, പഴേ ആള്ക്കളാ. അവര് പടച്ചോനെ മറന്നൊന്നും ചെയ്യില്ല.

(വേലായുധൻ, ഒരു കള്ളു ചെത്തുകാരൻ, കടവുപുരയിലേക്കു കയറി വരുന്നു.)

കുഞ്ഞാലി : എടോ വേലായീ ജ്ജ് മൂത്താപ്പാക്ക് ചിരിയൊന്നു പറഞ്ഞൊടുത്താ. മൂപ്പരക്ക് ഞാൻ പറഞ്ഞാ ഒരു പിടുത്താം ല്യ.

അബു : അതല്ല മക്കളേ പറഞ്ഞ്. തുണി ബിക്കാതെ ബററ എന്താ ചെയ്യാ? പിന്നെന്തിനാ കച്ചോടം?

കുഞ്ഞാലി : അതാ പറഞ്ഞ്. ഓല്ക്ക് ഒര് കാണ്ട് ന്താ വേലായി, പേര്, ഞമ്മടെ മാക്കൂര് ന്നാള് പേപ്പറില് വായിച്ചുലോ—(ആലോചിക്കുന്നു) അലാക്ക് മക്കടൻ, മൂത്താപ്പ. അലാക്ക് മക്കടൻ ന്നാ അതിന്റെ പേര്.

അബു : സൊള്ള പൊട്ടിക്കല്ലടാ. തന്താരേ കള്യാക്ക്യാ പാഫാണ്ടാവും. നെന്റെ ഒരു അലാക്ക് മക്കടൻ! ന്താടാ ത്, കാടൻപൂച്ചോ.

വേലാ : അല്ല തന്താവേ, പ്ലാക്ക് മേക്കട്ട്.

അബു : ങ്ങടെ ഒക്കെ ഒരു ബിസായം. ഞമ്മക്കു നാളെ മേക്ക്ട്ട് തോണി കടക്കാം ബരുമ്പോ ഓയ്ച്ചണം. അപ്പ ദ് എവടെയാങ്ങള് പറണ ഈ ദിക്ക്.

കുഞ്ഞാലി : മൂത്താപ്പ മന്ന്യേന എടങ്ങറാക്കാൻ ഇതു പൊറപ്പാടാ. ബ്ലാക്ക്മേക്കട്ട് ഒരു ദിക്കല്ല. സാമാനൊക്കെ സൂത്രത്തില് ബല്ല്യേ ബെലക്ക് വിക്കണ തലാ.

അബു : ജ്ജ് പറേണ് കള്ളച്ചന്തേപ്പററിയാ, ഓ! ങ്ങക്ക് ത്ര ബുദ്ധില്ല്യലോ.

വേലായി : ഞങ്ങള് പറഞ്ഞത് ക്ലീക്കാ.

അബു : ഓ! ന്റെ കുണ്ടുപ്പമ്മാരേ! ങ്ങള് വെള്ളക്കാരനെക്കാളും ക്ലീക്ക് പറേം! (വായിൽപ്പല്ലില്ലാത്ത തൊണ്ണു മുഴുവനും പുറത്തു പ്രകാശിപ്പിച്ച് ചിരിക്കുന്നു) അപ്പൊ ന്റെ കുഞ്ഞാലിക്കുട്ട്യേ യുത്തം പ്പ എങ്ങനെയാ? ഞമ്മടെ രാശാവിന്നാ ജയം ന്ന് കേട്ടു

വേലാ : ചന്തേ പറണ് കേട്ടു. കോൽക്കാരൻ രാവുണ്ണിത്തമ്പ്രാൻ. ഓല്ക്ക് ന്തോ കടലാസ് വന്നിട്ട്ണ്ടത്രേ. ബല്ല്യേ ബല്ല്യേ വർത്തമാനങ്ങള്.

സഞ്ചാരി

കുഞ്ഞാലിക്കുട്ടി : മൂത്താപ്പേ നമ്മടെ ആളക്ക് ജയാണ്. മറേറാരൊക്കെ തോററൂത്രേ.

അബു : (ജയിച്ച ഭാവത്തിൽ) ഇപ്പൊ മൂത്താപ്പ പറഞ്ഞൊടത്തെത്തി. ഈററ്ങ്ങളെന്തേ പറഞ്ഞിര്ന്ന്. ദാ ജമ്മൻ അവ്ടെത്തി. ദാ ജപ്പാൻ ബടെത്തി, ഹും! ഇപ്പോഴോ? പൂച്ച എങ്ങിനെ വീണാലും കുവന്നിട്ടതന്നെ വെള്ളക്കാരന്റെ ഹ്ക്ക്മത്തൊന്നു വേറെയാ.

(തപാൽ ശിപായി ശങ്കുപ്പണിക്കർ തോണിക്കടവത്തു വരുന്നു.)

അബു : ശിപ്പായി ഒന്ന് ബരീൻ, തന്ത ചോയ്ക്കട്ടെ ബിശേസങ്ങള്.

ശങ്കു : ഓ! ന്റെ പോക്കരേ, ന്ന് പേപ്പറില് ശ്ലീണ്ട് വർത്തമാനം.

അബു : ഞങ്ങക്കും വേണലോ അതൊക്കെ കേക്കാ. ബരീൻ, ബരീൻ, തോണിക്കിഞ്ഞീണ്ട് താമതം.

ശങ്കു : (കടവുപുരയിലേക്കു കയറിച്ചെല്ലുന്നു) ഹിററ്ലറടെ പണി കഴിഞ്ഞു.

അബു : ങ്ങള് പൊള്ള് പൊട്ടിച്ചാ?

കുഞ്ഞാലി : പണിക്കരച്ചൻ രാമന്റെ കള്ളുഷാപ്പിന്നാ വരണ്?

വേലാ : പേപ്പറില് ന്തൊക്കേയോ ണ്ടിന്ന് ഞാനും കേട്ടു.

ശങ്കു : ഞാൻ പറേണ് കേട്ടോളിൻ. ഇററല്റടെ പണി കഴിഞ്ഞു. നമുക്ക് ജയായി.

അബു : ന്റെ ബദിരീങ്ങളേ! ഓന്റെ കുരുത്തക്കേടൊക്കെ നിന്നൂലോ. ആ പഹയൻ ന്ത് വീമ്പൊക്കെ എളക്കീരന്ന്, ന്റെ ഹള്ളാ!

കുഞ്ഞാലി : അല്ലാ ശിപായി, ഇട്ലറടെ സ്നേഹിതണ്ടലോ വേറൊരു ഇബ്‌ലീസ്, ഓനെന്താക്കി.

ശങ്കു : അതാ രസം: എവിടെയോ വെച്ച് അവന്റെ നാട്ടുകാരെന്നെ അവന്റെ പണികഴിച്ചു. വെമ്പാലേ കൊല്ലുമ്പോലെ തല്ലിക്കൊന്നു.

അബു : പടച്ചോന്റെ വിധി: ഉം, പറേൻ ഞ്ഞീ പറേൻ. ഞമ്മക്ക് കേക്കണ്ടേ.

ശങ്കു : ഇററലിടെ—ഓ! ന്താ ഓന്റെ പേർ ഞാമ്മറന്നു. ചരക്കിനേം കാച്ചി.

കുഞ്ഞാലി : അതെന്തിനേ ഓന്റെ പെണ്ണുങ്ങളെ കാച്ച്യേ?

ശങ്കു : ഒക്കെ ഒരു സ്റ്റോറി.

അബു : ഓ, ന്റെ തങ്ങളേ! ഈ ദുനിയാവിൻറവുത്ത് പെമ്പറന്നോരുണ്ടലോ ങ്ങനെ! അപ്പൊ ഞമ്മക്ക് ജയം തന്നെ.

ശിപാ : ഞ്ഞി ജപ്പാൻ ഉണ്ട്. പക്ഷേ അവരേ ബർമ്മയിൽനിന്നു ആട്ടിത്തുരത്തിക്കഴിയാറായി.

അബു : ഓ ജപ്പാൻ! ഓൻ വെറും ചപ്പടാച്ചിക്കാരനാ? ഓന്റെ സാമാനംപോലെത്തന്നെ ഓനും. ഒക്കെ ഒരു പുറം മോടി.

വേലാ : ഇപ്പൊ വല്ല്യാപ്പ പറഞ്ഞൊടത്തെത്തി. ഞമ്മടെ തമ്പ്രാന്റെ മേനില്ലേ ആ ബി.എ. ബി.എല്. വക്കീല് ഓലോട് മാപ്പിള പണ്ട് വാത്വെച്ചു ബ്രിട്ടൻ തന്നെ ജയിക്കുംന്ന്.

അബു : (ചിരിച്ചു കൊണ്ട്) പ്പ ങ്ങനെ ബന്നില്ല്യേ? എടാ കൂട്ടമ്മാരേ, പഴേ മണ്ണു പഴേ മണ്ണാ? ഞമ്മക്ക് ഒരു റാത്തീബ് കയ്ക്കണം. ഞമ്മള് ജയ്ച്ചൊല്ലോ ഒരു കൊറെറാക്കെ വേണം.

കുഞ്ഞാലി : മൂത്താപ്പാക്ക് തീററടെ കാര്യാപ്പോ.

ശങ്കു : എനിയ്ക്ക് ഒന്നക്കരക്കടക്കണലോ, കൂട്ടരേ.

അബു : എട കുഞ്ഞാല്യേ ശിപായ്യേ ആ കുട്ടിത്തോണീല് അക്കര കടത്തി വന്നാ.

വേലാ : നിക്കും വേണം പോവാ.

അബു : ജ്ജും പൊക്കോ. എന്ന് ഞമ്മക്ക് കുശാലാ! ഞമ്മള് ജയച്ചി. ഇപ്പൊ എവിടെ ആ നായരുട്ടീ, ആ വക്കീല്.! അവോക്കര കൊന്നു കാണാൻ.

ശങ്കു :<br>വേലാ : } ന്നാ ഞങ്ങള് പോട്ടെ.

അബു : ശിപായി നാളെ ദ്ലെ വരില്ലേ?

ശങ്കു : പിന്നെ?

(കുഞ്ഞാലി, ശങ്കുപ്പണിക്കർ, വേലായുധൻ ഇമ്മൂവരും തോണിയിൽക്കയറുന്നു. അബു, മുഴമിക്കാത്ത തന്റെ വല തുന്നിക്കൊണ്ടിരിക്കുന്നു.)

ബീബി, അബുവിന്റെ മരുമകൾ വരുന്നു.

ബീബി : വാപ്പാ, ങ്ങള് ബേയ്ക്കാൻ ബരിണില്ല്യേ? ഉച്ചാമ്പൊ ച്ചിരി കുഞ്ഞിടെ വെള്ളം മുക്കിക്കുടച്ചതാണെലോ.

അബു : ല്ല മോളേ ബാപ്പയ്ക്ക് പയ്ച്ചിണ്ണില്ല.

ബീബി; വാപ്പാ ങ്ങള് ഈ വയ്യാത്തകാലത്തും കള്ളസെളക്കാ, ബേണച്ചാ ബരീൻ.

അബു : എടി, ജ്ജ് കേട്ടിലേ?

ബീബി : ന്ത്ര്ത്ത്?

അബു : ആ ഇബ്‌ലീസ്ങ്ങളെപ്പററി?

ബീബി : ങ്ങയ്ക്ക് നൊസ്സുണ്ടോ?

അബു : കല്ലടീ, നൊസ്സ്, ഞമ്മടെ ശേഖരൻ നായരടെ മരോൻ കുട്ടില്ല്യേ ആ വക്കീല്, ആയളക്കാ നൊസ്സ്!

ബീബി : ങ്ങള് പൊല്ലാപ്പ്ണ്ടാക്കാതിരിക്കി. ആരെങ്കിലും കേട്ടാ.

അബു : ന്താടി, വാപ്പെ ജ്ജ് അറിയോ?

ബീബി : ഒലൊക്കെ ബല്ല്യോരാ. ങ്ങള് ഭ്രശ്യം പറഞ്ഞാ.

അബു : മോളേ, ഇട്ലരെക്കാളും ബല്ല്യോരല്ല. ഓന്റെ പണി 'ക്ലോസാ'യി. ന്നോട് വീരാത്വെച്ചു ആ നായരുട്ടീ, ഇട്ലറ് ജയിക്കുംന്ന്. ഇപ്പോഴോ! വാപ്പ പറഞ്ഞൊടത്തെത്തി ഇബിലീസിങ്ങടെ പണി ഒന്നും വെള്ളക്കാരന്റരുത്ത് വേവില്ലടി.

(വല തുന്നിക്കൊണ്ടുതന്നെയിരിക്കുന്നു. ബീബി ഒന്നും അറിയാതെ വാപ്പയെ നോക്കി പകച്ചു നിൽക്കുന്നു.)

# ഭാരതീയ വനിത

I

അവളൊരു പാവമാണാരും തുണയില്ലാ-
തവിടെയക്കുടിലിൽ വസിച്ചീരുന്നു.

അവളുടെ വല്ലഭനവളുമായ് വേർപെട്ടി-
ട്ടഞ്ചാറു മാസങ്ങളായിരുന്നു.

അവനിപ്പോൾ യോദ്ധാവായ് പോർക്കളംതന്നിൽ
നവിരതംപോർചെയ്യുപോന്നിട്ടുന്നു. [നി-

പുകഴററ 'ബർമ്മ'യിൽ ശാന്തതമുററിട്ടു-
ചെറുഗ്രാമമാണവൾ പാർക്കും ദേശം.

II

ഒരുദിനം പൂർവ്വാശ വെള്ളപരന്നപ്പോ-
കളിമൺകുടമൊന്നും കയ്യിലേന്തി

അരുവിതന്നരികിലേക്കാലോലചിത്തയാ-
യവളേകയായതാ പോകയായി.

അവളറിയാതെകണ്ടവളുടെ പിന്നാലെ
നരനൊരാൾ മന്ദം നടന്നിടുന്നു.

ചെറു'ഭാണ്ഡമൊന്നു' തൻതോളിൽ ചുമന്നവൻ
ഒരു 'തോക്കും' കയ്യിൽ വഹിച്ചിരുന്നു.

അവനുടെ വേഷവും രൂപവും പാർക്കുകി-
ലവനൊരു 'ജാപ്പസേനാനിയാകാം.'

III

തരുണിയാളാററിൻകരയിലെത്തീടവേ
പിറകിലേക്കൊന്നു തിരിഞ്ഞുനോക്കി

രുധടുതിയാമഞ്ജുവദനമിരുണ്ടുപോ-
യുഡുപതികൊണ്ടലാൽ മൂടിയപോൽ!

അവളുടെ ചാരത്തണഞ്ഞൊരവായാ മർത്ത്യൻ-
കുടിലനാം ജാപ്പയോദ്ധാവു ധൂർത്തൻ.

അതുകാൺകെയബലതൻ മാനസം തന്നില-
ങ്ങതുലമാംസംഭ്രമം തിങ്ങിവിങ്ങി!

ഹൃദയം മിടിക്കുന്നി, തന്തരീക്ഷാന്തര-
മിരുളടയുന്നതായ് തോന്നുകയായ്

അബലയാ, ണേകയാണാമഞ്ജുളാംഗിയാ-
ളുഴൽതേടി നിന്നുപോയെന്തു ചെയ്യും?

IV

അവനേവമുരചെയ്തു "പെണ്ണേ നിൻക്രൂട്ടാള-
നെവിടെപ്പോയ്; നീയിങ്ങു തന്നെയാണോ?

അരികിൽവാ, നീയെന്തു ദൂരെമാറുന്നു? ഞാൻ
നരിയും കരടിയുമൊന്നുമല്ല"

വളരുന്നസംഭ്രമമൊട്ടൊട്ടടക്കിക്കൊ-
ണ്ടവളോ സഗൽഗദമോതിയേവം:

"ഇവളൊരു സാധുവാണേകയാണെൻ പ്രിയൻ
യുവയോധൻ പോർക്കളം തന്നിലത്രേ.

അവരിപ്പോളേതോ വിദൂര പ്രദേശത്താ-
ണെവിടെയാണെന്നതു തീർച്ചയില്ല."

അവളുടെ മുഗ്ദ്ധമൊഴി മുഴുവനും കേൾക്കാതെ-
യവനുടൻ കേറിപ്പറകയായി:

"അവനെങ്ങോപോയിത്തുലയട്ടെ നീയെൻറ
യൊരുമിച്ചുപോരൂ, ഞാൻ കൊണ്ടുപോകാം.

വരികനീയരികിലേക്കണയുക മാമക-
കരളിനൊരുന്മേഷം തരിക വേഗം."

മുഗ്ദ്ധലാംഗിതൻ ചാരത്തധികമടുക്കുവാ-
നവനതാ തുനിയുന്നു ജാപ്പകള്ളൻ!

"അരുതേ ഞാനന്യപുരുഷൻെറ നാരിയാൽ
ദയലേശം തോന്നണേ സോദരിയിൽ."

മദനലഹരിയിൽ മുങ്ങിമയങ്ങുമാ-
മറയനോ കേൾക്കുന്നീ ദീനവാക്യം?

അവളെത്തൻ കരതലത്തിങ്കലൊതുക്കുവാൻ
മുതിരുകയായതാ ജാപ്പയോധൻ!

അടിവെച്ചു, പിന്നോട്ടു പിന്നോട്ടു മാറുന്നി-
ന്നബലയാളാററിലിറങ്ങുവാനോ?

അവനതാ പെട്ടെന്നണഞ്ഞു കഴിഞ്ഞിത-
ങ്ങവളെത്തൻ കര വലയത്തിലാക്കി!

V

ചിതറുന്ന തീപ്പൊരിയെന്നുതോന്നുംമട്ടിൽ-
പതറിയാ നയനങ്ങളുജ്ജ്വലിച്ചു.

ഒരുഞൊടിയിടയില, ഖലനുടെ പിടിയിൽനി-
ന്നരുവേഗം കുതറിവേർപെട്ടുനിന്നു.

"കനിവററമൂഢാനിൻ കരളിലെ നിനവുപോ-
ലിവളെപ്പിടിക്കുവാൻ നീ മുതിർന്നു
ഇതിനു നിന്നോടുപകരം ചോദിക്കും മൽ-
പതി ജീവനോടെയിരിക്കുംപക്ഷം."

ഇതുവിധമുരചെയ്തുകുവലയമിഴിയാള-
ങ്ങരുവിയിലേക്കു കുതിച്ചുചാടി.

നിലയില്ലാവെള്ളത്തിന്നടിയിലേക്കാണ്ടുപോ,-
യവളിനിപ്പൊങ്ങിവന്നീടുകില്ല. !!

VI

അവളൊരു 'ഭാരതവനിത'യാണെന്നത-
ങ്ങറിയാത്തതെന്തേ, നീ 'ജാപ്പയോധ?

പകവീട്ടമിതിനൊക്കെ പകരം ചോദിച്ചീടും
പരിചോടുഭാരത വീരർ മേലിൽ.
പ്രതികാരനിരതരായ് പ്രവഹിക്കുമസ്സൈന്യം-
പ്രതിദിനം നിങ്ങൾക്കു ശിക്ഷനൽകും.

അബലയോടമിതമാം വിക്രമം കാണിക്കും
ചപലരേ നിങ്ങളാണുങ്ങളെങ്കിൽ,
അഭിനവഭാരതയുവയോധർ പൊരുതുമ്പോ-
ളഭിമാനം ലവലേശമാന്നിടാതെ,
ചുഴലിക്കാററടിപെട്ട കരിയിലമാതിരി
അഴലോടെയുഴലുന്നതെന്തിനാവാം?

(താമററാട്ട് ഗോവിന്ദൻകുട്ടി നായർ)

---

(7-ാം പേജിൽ നിന്നു തുടർച്ച)

ഭോഷ്ക്കാണ്. 1923 ലെ ഭയങ്കര ഭൂകമ്പാനന്തരം ഇവിടത്തെ സർവ്വ കെട്ടിടങ്ങളും അഗ്നിബാധകു വിരോധമായ വിധത്തിലാണ് പണി ചെയ്യപ്പെട്ടിരിക്കുന്നതു്. 8,000,000 ൽ മീതെ ജനസംഖ്യയുള്ള ടോക്കിയോ പട്ടണം ഇന്ന് ലോകത്തിലെ മഹാ പട്ടണങ്ങളിൽ തൃതിയസ്ഥാനത്തെത്തിയിരിക്കുന്നു. 88 ചതുരശ്ര മൈൽ വിസ്താരമുള്ളതും 2,759,000 ജനസംഖ്യയുള്ളതും ജപ്പാനിലെ ബെർമ്മിംഗാം എന്നറിയപ്പെടുന്നതുമായ ഒസാക 1938 ൽ 232,000,000 പവൻ വിലയോളം വരുന്ന സാധനങ്ങൾ ഇറക്കുമതിയും അത്രകണ്ടു തന്നെ കയററുമതിയും ചെയ്തിട്ടുണ്ട്. കോബ് തുറമുഖം, യൊക്കോഹാമ എന്നിവിടങ്ങളെല്ലാം ഏതാദൃശങ്ങളായ പട്ടണങ്ങൾ തന്നെ. ഇത്രയ്ക്കു തിക്കും തിരക്കുമുള്ള ജപ്പാനൊ "കാഡ്ബോഡ് എംപയർ!"

ഇനി ജപ്പാൻെറ സൈനിക ശക്തിയൊന്നു നോക്കാം. 740 ലക്ഷത്തോളം ജനസംഖ്യയുള്ള ജപ്പാൻ ജനകീയ ശക്തിയിലും ഒട്ടും പിന്നോക്കമല്ല. 500,000 ൽ കവിയുന്ന ജപ്പാൻ സേന പലേടങ്ങളിലായിട്ടാണ് വിതരണം ചെയ്യപ്പെട്ടു കിടക്കുന്നതു്. അവിടവിടെയായി ന്യൂഗിനിയായിൽ ആകെ 50,000 വും അതിനു പടിഞ്ഞാറ് സെലിബസ്സിൽ ഏകദേശം 45,000 വും സേനകളുണ്ട്. ഭൂഗോളത്തിലെ മൂന്നാമത്തെ ഏററവും വലിയ ദ്വീപായ ബോർണ്ണിയോവിൽ 25,000 ൽ മീതെയില്ല. ജാവായിലെ 100,000 ത്തോളമുള്ള ജപ്പാൻ സൈന്യം തദ്ദേശ ജനസംഖ്യ അപേക്ഷിച്ച് തുലോം തുച്ഛമായതാണ്. സുമാട്രാവിൽ സുമാർ 60,000 ജപ്പാൻ സൈനികരുണ്ടെന്നറിയപ്പെടുന്നു. ലോകത്തിലെ റബ്ബർ ശേഖരണനിലയമെന്നറിയപ്പെടുന്ന മലായാവിൽ 40,000 പട്ടാളമാണത്രെ. ഇൻഡോ ചൈനയിൽ 40,000 വും തൈലാണ്ടിൽ 20,000 വും ജപ്പാൻ സേനകളുണ്ടെന്നൂഹിക്കപ്പെടുന്നു. ആണ്ടുതോറും "റിസർവിസ്റ്റ് അസോസിയേഷൻ" ആപ്പീസ്സർമാരുടെ കീഴിൽ ട്രേയിനിംഗ് കഴിച്ചു വന്നുകൂടിയിട്ടുള്ളവരുടെ എണ്ണം നിർണ്ണയിക്കവയ്യ.

ജപ്പാൻെറ മുഴുവൻ സ്ഥിതിഗതികളും വ്യവസായവിപുലതയും മററും ഇനിയും വിദേശീയർക്കു അജ്ഞാതങ്ങളായിട്ടാണിരിക്കുന്നതു്. "പള്ളിയിലെ കാര്യം അള്ളാവിനുമാത്രം" എന്ന നയം പണ്ടുക്കുപണ്ടേ, വിശേഷിച്ചു, 1931 മുതൽ ജപ്പാൻെറ കൂടെ പിറപ്പാണ്.

ശത്രുവിൻെറ ബലം ഇങ്ങിനെ ഏതാണ്ടറിഞ്ഞുവശായതു തന്നെ വിജയ സോപാനത്തിൻെറ ഒരു പടികയററമാണ്. ഇത്രമാത്രം അഥവാ ഇതിലുമധികം കൈമുതലുള്ള ജപ്പാൻ സാമ്രാജ്യത്തിൻെറ അധഃപതനം തക്കമററ സംഗതി തന്നെ. അജയ്യമാണ് ജപ്പാനെന്നു പൊതുജനധാരണയുണ്ടെങ്കിൽ അതു് വെറും മിത്ഥ്യാബോധം മാത്രമാണ്. ജർമ്മനിയുടെ കർമ്മം കുറുക്കിയ ആ ശക്തിത്രയത്തിന്ന് ജപ്പാൻ അത്ര വലിയൊരു വിഷമവിഷയമൊന്നുമല്ല. ആ മുമ്മൂർത്തികൾ ഏകോപിച്ചാൽ ചുറിയ തൊരുവർഷത്തിനുള്ളിൽ ജപ്പാൻ മുട്ടുകുത്തും. എന്നാൽ റഷ്യയുടെ മനോഭാവമാണ് അടിയന്തരമായി മറെറാരു പ്രശ്നം. കഴിഞ്ഞ 50 കൊല്ലങ്ങളായ് ഈ രണ്ടു രാഷ്ട്രങ്ങളും ബദ്ധ വൈരത്തിലാണ്. അയൽശക്തിയായ ജപ്പാൻ തല പൊക്കുന്നതു് റഷ്യ കണ്ടിരിക്കുമെന്നും തോന്നുന്നില്ല. ഏതായാലും അടുത്ത ഭാവി സർവ്വ സംശയങ്ങളും തീർക്കും.

ജാപ്പാന്നു് നേരിട്ടേയ്ക്കാവുന്ന അവശതകളും അനവധിയുണ്ട്. ഏഷ്യാ കടലോരങ്ങളിൽ സാധിക്കാവുന്ന ആക്രമണം ജപ്പാന്നു് അലംഘ്യമല്ലായിരിക്കും. അട്ടു—പെട്രോപാവ്ലോവ്സ്ക്—വ്ലാഡിവാസ്റ്റോക്ക്—വെഞ്ചോ—ഫചൌ—കാൻടൺ—രേഖാ പ്രദേശങ്ങളിൽനിന്ന് സഖ്യശക്തികൾ ജപ്പാൻ നേരെ പ്രഹരിക്കുന്നതായാൽ ആയതു് തടുക്കുവാനുള്ള മിടുക്കു ജപ്പാന്നു് പോരാ. രണ്ടാമതു് ഇതൊരു ദ്വീപും വൻകരപ്രദേശങ്ങളിൽനിന്നും വിട്ടു മാറി കിടക്കുന്നതുമായതുകൊണ്ട് ചുററുപാടുംനിന്ന് ആക്രമിക്കുന്നതിന്നോ പുറരാജ്യസമ്പർക്കബന്ധനത്തിന്നോ വളരെ എളുപ്പമാണ്. ജപ്പാൻെറ വ്യവസായിക കൂടവും തീരെ കുററമററതല്ല. വായുവിൽനിന്നും കടലിൽനിന്നുമുള്ള ഉണ്ടകൾക്കും ലക്ഷ്യമായ് ത്തന്നെയാണ് അവകളുടെ നില്പും.

എന്തായാലും ജപ്പാനോടു് ഒരു ദീർഘയുദ്ധപദ്ധതി അബദ്ധമാണ്. യൂറോപ്പിലുണ്ടായതുപോലെ ഇവിടെ അതു ബുദ്ധിപൂർവ്വകമല്ല. സഖ്യശക്തികളുടെ സർവ്വ സൈനിക സമ്മർദ്ദനത്തിൻ കീഴിൽ ജപ്പാനുഴറണം; പോർമുനകൾ പലയിടങ്ങളിലായ് തുറക്കണം; കര, കടൽ, വൈമാനിക വകുപ്പുകൾ ഒരു ദേഹമായ് വർത്തിക്കണം. ജപ്പാനതിൻെറ കീഴ്‌രാജ്യങ്ങളുമായുള്ള ഗതാഗതം മുറിക്കണം; ശത്രുവിൻെറ വിട്ടുവീഴ്ചകൾ മുൻകൂട്ടി കണ്ടു് എപ്പിൽ കൊത്തണം; സഖ്യശക്തികൾ തങ്ങളുടെ "B-29", "Block Busters", "Earthquake Bombs" എന്നിവകൾ കയ്യഴിച്ചു വ്യയം ചെയ്യണം. എങ്കിലൊ, ശാന്തസമുദ്രം ശാന്തമായി. പൌരസ്ത്യദേശത്തിലും ഒരാശാസന്ദേശം അലയടിക്കും!!!

ചെറുകഥ

# തപ്ത പ്രതിജ്ഞ

പി. എസ്. നീലകണ്ഠൻ.

കാലത്തു പത്തുമണിയിരിക്കും; "ജപ്പാൻ, കൊള്ള, കൂട്ടക്കൊല" ജനങ്ങൾ കുറുക്കുവിളിച്ചുംകൊണ്ടു അതു വഴി ഓടാൻ തുടങ്ങി. ശാന്തസിംഗിനു കാര്യം മനസ്സിലായില്ല. പടിവാതിൽ തുറന്നു എത്തിനോക്കി. ആബാലവൃദ്ധം ഭയപ്പെട്ടോടുന്നു. കൂടിക്കുറുക്കി നിലവിളിക്കുന്നു: "ജപ്പാൻ, ജപ്പാൻ, കൊള്ള, പട്ടുകൊല, നശിച്ചു, നാടു മുഴുവൻ നശിച്ചു, ഓടിക്കോളേൻ, എല്ലാവരും ഓടിക്കോളേൻ" എന്നു്. ഗ്രാമത്തിൽ തുടർച്ചയായി വെടിപൊട്ടുന്ന ശബ്ദം കേട്ടു തുടങ്ങി. മേഘപടലംപോലെ പൊങ്ങുന്ന പുക; എവിടെനിന്നും ആർത്തനാദം; സിംഗു അമ്പരന്നു. വീട്ടിൽനിന്നും മററുള്ളവരും പുറത്തേക്കു ഓടിവന്നു. അവരും ഉച്ചത്തിൽ നില വിളിക്കാൻ തുടങ്ങി. നായ വീടിന്നു ചുററുമോടിക്കൊണ്ടു ഉച്ചത്തിൽ കുരക്കുന്നു. ബഹളം കേട്ടു ബകിളി പിടിച്ച പശു കയറുപൊട്ടിച്ചു റോട്ടിലേക്കോടി. ഭയങ്കരത; എങ്ങും ഒരു ഭയങ്കരത; അതിൻെറ നടുക്കു ആ വീടു മരവിച്ചുനിന്നു.

സിംഗു കരണീയമെന്തെന്നറിയാതെ വിഷമിച്ചു. തനിക്കും ഭാര്യക്കും വാദ്ധക്യം; കൊച്ചുകുട്ടികൾ; എന്തായാലും ഓടാൻ നിവൃത്തിയില്ല. പടിവാതിലടച്ചു എല്ലാവരെയും അകത്തേക്കു കൂട്ടിക്കൊണ്ടു പോയിസ്സമാധാനിപ്പിക്കാൻ ശ്രമിച്ചു. "ജപ്പാൻകാരും മനുഷ്യർ തന്നെയല്ലെ, അവക്കു നമ്മോടു വിരോധിച്ചെന്താണൊരു പക, അഥവാ ഹിരണ്യൻെറ നാടാകുമ്പോൾ ഹിരണ്യായനമ! എന്നു തന്നെ പറയുക, അല്ലാതെ എന്താണു് നിവൃത്തി" എന്നും മററും.

"നഗപുരം" എന്നാണു ആ ദിക്കിൻെറ പേർ. ഇന്ത്യയുടെ വടക്കു കിഴക്കുത്തിയിൽ വളരെ ചെറിയ ഗ്രാമങ്ങളുള്ളതിൽ അതും ഒന്നു്. ഗ്രാമത്തെ രണ്ടായി പിളർന്നുകൊണ്ടുപോകുന്ന രാജവീഥി; മററു നല്ല വഴികളൊന്നും അവിടെയില്ല. വളർന്നു നിൽക്കുന്ന കാട്ടുചെടികൾ, വന്മരങ്ങൾ, ഇടക്കിടക്കു കുന്നുകൾ. കിടങ്ങുകൾ ഇതാണു അവിടത്തെ ഭൂപ്രകൃതി.

ഗ്രാമത്തിൽനിന്നും ഒട്ടകന്നു ഒരൊററ വീടാണു് സിംഗിൻെറതു്. വീട്ടിന്നു മുമ്പിൽ റോഡു; പിൻപുറത്തു വളർന്നു നിൽക്കുന്ന കാടും വന്മരങ്ങളും. നീണ്ടകാല ഉദ്യോഗത്തിൻെറ ശേഷം ഇന്നു ഏകാന്തജീവിതം ഇഛിച്ചു ഇവിടെവന്നു താമസിക്കയാണു ശാന്തസിംഗു്.

സിംഗിന്നു രണ്ടാൺമക്കളും ഒരു മകളുമുണ്ടു്. മൂത്ത മകൻ "വിക്രമസിംഗു" പട്ടാളത്തിലാണു്. യുദ്ധം തുടങ്ങിയതിൻെറ ശേഷം ഏതു രംഗത്തിലാണെന്നു അറിയാൻ പാടില്ല. രണ്ടാമത്തെ മകൻ "ഹരിസിംഗു" പഠിക്കയാണു്. സമരകാഹളം കേട്ടു അയാളും ചാടിപ്പുറപ്പെട്ടു. അപ്പോൾ "പതിനെട്ടു വയസ്സു തികയട്ടെ" എന്നു അച്ഛൻ തടുത്തു. മൂന്നാമത്തെതാണു് 'മാലതി'; അവളും പഠിക്കുന്നു. വിക്രമൻെറ ഭാര്യയുടെ പേരാണു് "മുരളി." വളരെ കൌതുകമുള്ള ഒരു സ്ത്രീയാണു അവൾ; അവൾക്കു രണ്ടു കുട്ടികളുമുണ്ടു്. ഇതാണു പ്രസിദ്ധിപെററ ശാന്തസിംഗിൻെറ കുഡുംബം.

ജപ്പാൻ ബർമ്മയെ മുഴുവൻ വിഴുങ്ങി. നീതികെട്ട അവൻെറ നർത്തനം അതുകൊണ്ടവസാനിച്ചില്ല. അവൻെറ സാമ്രാജ്യദാഹം വീണ്ടും വദ്ധിച്ചു. ബർമ്മയിൽനിന്നും ഇന്ത്യയിലേക്കും കാലെടുത്തുവെച്ചു. ഓരോ ഗ്രാമമായി കൊള്ളയടിക്കുവാൻ തുടങ്ങി. എതൃക്കുന്നവരെ അതേയിടത്തിൽ വെച്ചു തന്നെ വെടിവെച്ചുകൊന്നു. തനിക്കു വശംവദരാകാത്തവരെ നഗ്നരാക്കി തെരുവിൽ കെട്ടിത്തൂക്കി. നാല്ക്കാലികളെ പാടെ നശിപ്പിച്ചു. സ്ത്രീകളെ മാനഭംഗപ്പെടുത്തുക മാത്രമല്ല, ആ പട്ടത്തൽ അവരുടെ അവസാന രംഗങ്ങളായി. ഹാ! ഇവരെത്ര സിദ്ധാത്ഥ സഹോദരന്മാർ!

ബർമ്മയിൽനിന്നു വടക്കോട്ടു കേറിക്കേറി പല സ്ഥലങ്ങളും അവരുടെ അധീനത്തിലാക്കി. ഒരു രാത്രി നഗപുരത്തും എത്തി. വെളുക്കുന്നതിന്നു മുമ്പുതന്നെ ഗ്രാമത്തെ വളഞ്ഞു. പിറേറ ദിവസത്തെ സംഭവങ്ങളെയാണു് ആദ്യമായി വിവരിച്ചതു്.

സമയം ഉച്ചതിരിഞ്ഞു. സിംഗു അപ്പോഴും കൂട്ടിലിട്ട മെരുവിനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കയാണു്. സ്ത്രീകൾക്കു ജീവനുണ്ടെന്നു മാത്രം. 'ഹരി' പടിക്കൽപ്പോയി എത്തി നോക്കും; തിരിച്ചു വീട്ടിലേക്കുവരും. "അതാ വെടിപൊട്ടുന്നു, ആ പേർ ഒന്നിച്ചോടിപ്പോയി. ഞാനുള്ളപ്പോൾ അച്ഛൻ തെല്ലും പേടിക്കേണ്ട" ഇങ്ങനെ ചിലതു പറയും. ഈ സമയത്തു പുറത്തു ഒരു ലോറിവന്നു നിൽക്കുന്ന ശബ്ദം കേട്ടു. തുടർന്നു തെരുതെരെ വെടിപൊട്ടാൻ തുടങ്ങി. സിംഗു തീർച്ചപ്പെടുത്തി, എല്ലാം തീർന്നുവെന്നു്. ഏതായാലും സ്ത്രീകളോടും കുട്ടികളോടും പിൻപുറത്തെക്കാട്ടിലേക്കു ഓടി ഒളിക്കാൻ പറഞ്ഞു. താനും ഹരിയും അവിടെ നിന്നു. ഇതിനിടക്കു പടിവാതിൽ തുറക്കാത്തതുകൊണ്ടു ഒരുത്തൻ മതിലിൽച്ചാടിക്കയറി. അതു കണ്ടു നായ ഉറക്കെക്കുരച്ചുകൊണ്ടു മേല്പോട്ടു ചാടാൻ തുടങ്ങി. മതിലിൽക്കയറിയവൻ "ഹിഹി" ന്നു ചിരിച്ചുകൊണ്ടു നായിൻെറ നേക്കൊരു വെടി; അതു പിടഞ്ഞു നിലം പതിച്ചു ചത്തു. മതിലിൽനിന്നു അവൻ താഴത്തേക്കു ചാടി കതവു തുറന്നു. നീട്ടിപ്പിടിച്ച തോക്കോടു കൂടി ഇരുപതു മഞ്ഞപ്പിശാചുക്കൾ; കൂടെ ഗ്രാമത്തിലെ പ്രസിദ്ധിപെററ "ചണ്ഡീദാസഭട്ടാചാര്യൻ" എന്ന വൈദീക ബ്രാഹ്മണൻ. എല്ലാവരും തിക്കിത്തിരക്കി അകത്തേക്കു കടന്നു. അവിടെ ശാന്തസിംഗും ഹരിസിംഗും നിൽക്കുന്നുണ്ടു്. പിശാചുക്കളിൽ പ്രധാനിയാണെന്നു തോന്നുന്നു, ഒരു പന്നിക്രൂരൻ (ആകൃതിയിലും പ്രകൃതിയിലും അയാൾക്കു ആ പേരു യോജിച്ചതാണു്. അതുകൊണ്ടു അങ്ങിനെ തന്നെ വിളിക്കട്ടെ) ശാന്തസിംഗിൻെറ നേരെ തോക്കു നീട്ടിപ്പിടിച്ചുകൊണ്ടു "എട നായെ, കതകു തുറന്നാലെന്താടാ, അളറിയാതെ കളിച്ചാൽ" തോക്കു താഴത്തു കുത്തിക്കൊണ്ടു ചെകിടത്തു ഒരടി. സിംഗിൻെറ കണ്ണിൽനിന്നും തീപ്പൊരി ചിതറി. പക്ഷെ അയാളെന്തു ചെയ്യുവാനാണു്; കൂട്ടാനരുക്കുന്ന കറിക്കത്തിയും കുട്ടികളുടെ കൊട്ടത്തോക്കുമല്ലാതെ അവിടെ മറെറാന്നുമുണ്ടായിരുന്നില്ല.

ഭട്ടാചാര്യപാദർ പതുക്കെ ശാന്തസിംഗിൻെറ അടുക്കലേക്കു ചെന്നു "ഞാൻ പറയാറില്ലെ, ആ വെള്ളപ്പിശാചുക്കളെ വിശ്വസിക്കരുതെന്നു്, അവർ നമ്മുടെ . . . ." പറഞ്ഞവസാനിക്കുന്നതിന്നു മുമ്പു ഹരി മുന്നോട്ടു കേറി "എട ദ്രോഹി, നിൻെറ ഉപദേശത്തിന്നു ഇതാണു ദക്ഷിണ" ആഞ്ഞു ചെകിടത്തു ഒരടി; പന്നിക്രൂരൻ "എട കുട്ടുറുമ്പെ, നിൻെറ മിടുക്കു, ഇതാ" തോക്കു നീട്ടി "ഠേ!" ഒരു വെടി. "അയ്യോ" ഹരി നിലം പതിച്ചു. കിടന്നു പിരണ്ടു. "ആവു ഹാ വെള്ളം, ആ വെള്ളം" അയാൾ മരണവേദനയോടെ ചോദിച്ചു. ശാന്തസിംഗിനു അനങ്ങാൻ നിവൃത്തിയില്ല. ചുററും പിശാചുകൾ. "വെള്ളമെടുത്തു കൊടുക്കടാ" പന്നിക്രൂരൻ കല്പിച്ചു. ശാന്തസിംഗു ഹരിക്കു വെള്ളം കൊടുക്കാൻ ഭാവിക്കുന്നു. പന്നിക്രൂരൻ തോക്കുകൊണ്ടു ആഞ്ഞൊരടി. തമ്പ്ലേർ നൂറു കഷ്ണമായി ചിതറി വീണു. അതുകണ്ടു ഹരി പെട്ടെന്നു ഒരു നടുക്കം. കണ്ണു പൂർവ്വാധികം മിഴിച്ചുമൂടുന്നു. പിന്നെ അതു തുറന്നിട്ടില്ല. ശാന്തസിംഗു സവ്വശക്തികളും ക്ഷയിച്ചു അവിടെ ബോധം കെട്ടുവീണു. മറെറാരുത്തൻ മുന്നോട്ടു വന്നു കാലുമടക്കി ഒരടി; ശാന്തസിംഗു അതറിഞ്ഞുവോ എന്തോ? "ഹിഹി" എല്ലാവരും ചിരിക്കുന്നു.

"താൻ പറഞ്ഞ രതിയെവിടെ" പന്നിക്രൂരൻ ഭട്ടാചാര്യനെ നോക്കിച്ചോദിച്ചു. "അകത്തുണ്ടാവും" ഭട്ടൻ അകത്തേക്കു കടക്കുന്നു. കൂടെ മററുള്ളവരും എല്ലാ ദിക്കിലും തേടി. പെട്ടി, പത്തായം മുതലായതിലും, എല്ലാം തട്ടിയുടച്ചു നശിപ്പിച്ചു; പക്ഷെ, രതിയുമില്ല അവിടെ കാമനുമില്ല.

ക്രോധത്തോടെ "എവിടെ അവൾ" പന്നിക്രൂരൻ ആചാര്യപാദരെ ഭയപ്പെടുത്തി. ആചാര്യപാദർ അല്പം ആലോചിച്ചു നിന്നതിൻെറ ശേഷം പിൻപുറത്തെക്കാടിനെക്കാട്ടി സംജ്ഞ കാണിച്ചു. "ഹേ, ഹേ" ശബ്ദത്തോടെ എല്ലാവരും കാട്ടിലേക്കുകയറി. ആചാര്യപാദർ മുമ്പിൽ "ങ്ങളതിലെ, ഇതാ കാടു പകത്തിരിക്കുന്നു; അ: ഇതു നോക്കു ചെടികളൊടിഞ്ഞു കിടക്കുന്നു; അതാ കാലടിപ്പാടുകൾ" ഉത്സാഹപ്പെടുത്തിക്കൊണ്ടിരുന്നു.

മാതാവും, മുരളിയും, മാലതിയും എല്ലാവരും അവിടത്തന്നെയാണു് ഒളിഞ്ഞിട്ടുള്ളതു്. കുറെക്കൂടി ദൂരത്തിലുള്ള ഒരദൃശ്യസ്ഥലത്തു്. പരിചിതക്കല്ലാതെ അതു കണ്ടുപിടിക്കുവാൻ സാധ്യമായിരുന്നില്ല. എങ്കിലും ഭയംകൊണ്ടു ഇടമൊന്നു മാറി നോക്കും; പച്ചിലകളെകൊണ്ടു മറച്ചു നോക്കും; പലതും ചെയ്യുകൊണ്ടിരുന്നു. അതെ, പാലുപോലുള്ള രണ്ടു കൊച്ചുകുഞ്ഞുങ്ങൾ, മൊട്ടുവിടരാത്ത ഒരിളം തയ്യ്; ഒരു പ്രേമദീപം. ഒരു വൃദ്ധ, തങ്ങളുടെ ജീവനിലുള്ള കൊതികൊണ്ടു്. ഈ സമയത്തു വേട്ടനായിൻെറ മുരളിച്ചപോലെയുള്ള അവരുടെ ശബ്ദവും, കാലടിയൊച്ചയും കേട്ടു തുടങ്ങി. "അ: ചതിച്ചല്ലോ" മുരളി തല പൊന്തിച്ചു നോക്കി. അതെ, ആ ചെന്നായ്ക്കൾ അങ്ങോട്ടു തന്നെയാണു വരുന്നതു്. വഴി കാണിച്ചുകൊണ്ടു ഭട്ടാചാര്യൻ. "എത്തിക്കഴിഞ്ഞു എല്ലാം, പ്പത്തീരും" മുരളി നിലത്തു കവിഴ്ന്നടിച്ചു കിടന്നു. ഒന്നുമറിയാൻപാടില്ലാത്ത കുഞ്ഞുങ്ങൾക്കൂടി പകച്ചു ജീവശവം പോലെയായിത്തീർന്നു. കിഴവി ബോധം കെട്ടുവീണു. മുരളിക്കു കിടപ്പുറച്ചില്ല. പിടച്ചെണീററു. "എന്തു, ഒന്നു ചീഞ്ഞാൽ പലതിന്നു വളമായിത്തീരുമെങ്കിൽ അതിൽ കൂടുതലായെന്താണൊരു ത്യാഗം." അവളുടെ ഉള്ളിൽ ഒരു നിമിഷത്തിനകം ആയിരം ചിന്തകൾ കടന്നുപോയി. പൈശാചികമായ ഒരാഭ മുഖത്തിൽ കളിയാടുവാൻ തുടങ്ങി. മരണത്തിൻെറ മുമ്പിൽ മനുഷ്യന്നു ഒരു ധൈര്യമുണ്ടാവാം. സവ്വാംഗം മുറിഞ്ഞാൽ പ്പിന്നെ ധാരയില്ല. മുരളി ഇവിടെ ആ നിലയിലെത്തിയിരിക്കുന്നു. തൻെറ കുഞ്ഞിനെ കൊതി തീരാതെ നോക്കിക്കൊണ്ടു മാറോടണച്ചു. ആ മാതൃഹൃദയം—സ്നേഹഹൃദയത്തിൻെറ തുടിപ്പു സ്റ്റാലിൻ പീരങ്കിയേക്കാൾ ശക്തിയുള്ളതായിരുന്നു. മുരളി തൻെറ രണ്ടു കുഞ്ഞുങ്ങളേയും മാലതിയുടെയും കയ്യിൽ സമർപ്പിച്ചു. "ഇതാ, നിങ്ങൾ ഇവിടത്തന്നെ ഇരിക്കേണം. ഞാനിപ്പൊ തിരിച്ചുവരാം" തൃപ്തിവരാതെ നോക്കിക്കൊണ്ടു അവൾ മുന്നോട്ടു പോയി. പട്ടാളക്കാർ വരുന്ന വഴിക്കു, അവക്കു വേഗത്തിൽ കൺപെടാവുന്ന ഒരു ദിക്കിൽ ചെന്നുനിന്നു. കാടിളക്കിക്കൊണ്ടു മുന്നോട്ടു കയറുന്ന പിശാചുക്കളോടു പെട്ടെന്നു

ആചാര്യൻ "ഓ: അതാ അവൾ, അതാ ആ മരത്തിന്റെ മറവിൽ, വരേൻ, ഓടിവരേൻ." എല്ലാവരും പായുന്നു. മുരളി വളരെ വേഗത്തിൽ വേറൊരിടത്തിലേക്കോടി. പിശാചുക്കളും പിൻതുടർന്നു. അവരുടെ തോക്കിന്റെ മുനയെല്ലാം താനെ താഴ്ന്നു. ഭട്ടാചാര്യൻ "ഇതാ, എത്തിപ്പോയ്, പിടിച്ചോ, വിടല്ലെ" എന്നു ഉത്സാഹപ്പെടുത്തിക്കൊണ്ടിരുന്നു. മുരളി വാടിത്തുടങ്ങി. കുററിക്കാട്ടിലെ ഓട്ടം ഒട്ടും സുഖമല്ല. പല മുൾച്ചെടികളിലും പെട്ടു പുടവയും തലമുടിയും ശിഥിലീഭവിച്ചു. ശരീരത്തിൽനിന്നും ചോര ഒലിച്ചു തുടങ്ങി. ഒളിഞ്ഞു ദിക്കിൽനിന്നും തിരിഞ്ഞും മറഞ്ഞും ഏകദേശം ഒരു നാഴിക ഓടിയിരിക്കും. ഇനി ഒരടി മുമ്പോട്ടു വക്കാൻ വയ്യ എന്ന നിലയായി. താഞ്ഞററു നിലം പതിച്ചു.

പിശാചുകൾ അടുത്തെത്തി വളഞ്ഞു. പന്നിക്രൂററൻ തന്റെ തോക്കുകൊണ്ടു ആഞ്ഞൊരു കുത്തു, മുരളിയെയല്ല, അവളുടെ അടുത്തു മണ്ണിൽ. അതയാളുടെ ധീരത കാണിച്ചതാണ്. താഴത്തെ ചുണ്ടു മുന്നോട്ടു തള്ളി പല്ലുകടിച്ചു "ഹിഹി" നാ ചിരിച്ചുകൊണ്ടു തോക്കു വലിച്ചൂരിയെടുത്തു.

പിന്നീടു അവിടെ നടന്ന സംഭവങ്ങളെ ഒരു ദൃക്സാക്ഷിക്കു വിവരിക്കുവാൻ വയ്യ. അത്ര കട്ടത്താണ്. മാൻ പോലെയുള്ള ഒരു പെണ്ണ്; ഇരുപതു് മൃഗങ്ങൾ, ആവു!..

ആദിത്യൻ അസ്തമിച്ചു. ചരമാദ്രിയിൽനിന്നും തിളച്ചുപൊങ്ങിയ രക്തനികരങ്ങൾ ദിമുഖങ്ങളിലും ചെന്നു തെറിച്ചു. ക്രമത്തിൽ ആ അന്ത്യരാഗം ഇരുൾത്തുണിക്കുള്ളിൽ മറഞ്ഞു തുടങ്ങി. അവസാനം അഞ്ചാറുകണ്ണു നീർത്തുള്ളികൾ മാത്രം ആകാശത്തിൽ കിടന്നു തിളങ്ങി.

ഒരു സാമ്രാജ്യം തന്നെ സ്ഥാപിച്ചുവെന്ന കൃതാർത്ഥതയോടെ പന്നിക്രൂററനും കൂട്ടുകാരും വീണ്ടും സിംഗിന്റെ വീട്ടിലെത്തി. ആചാര്യർ ആ സമയത്തവിടെ ഏതോ ചില പെട്ടികളും മററും പരിശോധിക്കയായിരുന്നു. പിശാചുക്കളെക്കണ്ടതോടെ അതു നിന്നു. പന്നിക്രൂററൻ ആചാര്യരെ നോക്കി, "എടാ പുറപ്പെടു, ക്യാമ്പിലെത്താൻ നേരമായി. ഇനി എല്ലാം നാളെ" എന്നുത്തരവിട്ടു ഏഷ്യയുടെ ജാതകത്തെക്കുറിക്കുവാൻ ഈശ്വരനാൽ നിയുക്തരാക്കപ്പെട്ട ആ ദൈവപുത്രന്മാർ ഇങ്ങനെ ഒരു ഭൂവിഭാഗത്തെ കരസ്ഥമാക്കിക്കൊണ്ടു ഉന്നതിച്ചുപോയി.

ജപ്പാൻ ഇന്ത്യയിലേക്കു കാലെടുത്തുവെച്ച വർത്തമാനം പെട്ടന്നെങ്ങും പരന്നു. ബ്രിട്ടീഷു സൈന്യം ഉടനടി കടുത്ത നടപടിക്കിറങ്ങി. നഗരപുരത്തു നിന്നും ഒരിഞ്ചുകൂടി അവർക്കു മുന്നോട്ടു വരാൻ കഴിഞ്ഞില്ല. മാത്രമല്ല, അവിടന്നുതന്നെ വന്നതിന്റെ പിറേറദിവസം പുറപ്പെടേണ്ടതായും വന്നു.

രക്തസാക്ഷിയായ ആ ദിനത്തിനടുത്ത നാൾ പകൽ പതിനൊന്നു മണിയിരിക്കും. ശാന്തസിംഗു അവിടെ ഒരു ചുമരിൽ ചാരി ഇരിക്കുന്നുണ്ട്. ഭാര്യക്കിനിയും ബോധം വന്നിട്ടില്ല. കുട്ടികൾ വിശന്നു കിടന്നു നിലവിളിക്കുന്നു. മുരളിയുടെയും ഹരിയുടെയും പ്രേതങ്ങൾ അടുത്തു കിടക്കുന്നുണ്ട് കമല കവിഴ്ന്നടിച്ച ചേച്ചിയുടെയും ചേട്ടന്റെയും പ്രേതങ്ങൾക്കടുത്തു മററൊരു പ്രേതമായിക്കിടക്കുന്നു. എന്നാൽ അവൾക്കു ജീവനുണ്ട്. ഇതാണു അവിടത്തെ നില.

ഇതേസമയത്തു കതകു പുറത്തുനിന്നും ആരോ ഉന്തിത്തുറന്നു ഇപ്പോൾ സംഗിനു അധികം പകപ്പുണ്ടായില്ല. ഇനി എന്തു വരാനാണ്? കതകു തുറന്നതും ആജാനുബാഹുക്കളായ കുറെ പട്ടാളക്കാർ തെരുതെരെ ഉള്ളിലേക്കു കടന്നു. ആദ്യമായി അവരു സ്വാഗതം പറഞ്ഞതു പടിപ്പുരക്കതകിനടുത്തു ചത്തു കിടക്കുന്ന നായയാണ്. അടുത്തും വീട്ടിന്റെ ചുമരിൽ ഉണ്ടായിരുന്ന ഒരു വിടവിൽ കുത്തിയിരുന്ന ജപ്പാൻ കൊടി. വന്ന പട്ടാളക്കാർ സഗൌരവം ഒരോന്നും സൂക്ഷിച്ചു കൊണ്ടുവന്നു. അതിൽനിന്നു ആറടി ഉയരമുള്ള ഒരാൾ തന്റെ തോക്കുകൊണ്ടു പറന്നുകൊണ്ടിരുന്ന ആ ജപ്പാൻ കൊടിയെ ആഞ്ഞൊരു കുത്തു.

കൊടിയും ചുമരും തുളച്ചു ബൈനററു അകത്തേക്കുപോയി. അടുത്തു, ചാരിയിരുന്ന കതകു തുറന്നു അവർ ഉള്ളിലേക്കു സിംഗും, മററുമുള്ള ആ മുറിയിലേക്കു കടന്നു. കൊടി കുത്തിക്കീറിയ ആ പൊക്കക്കാരൻ മുറിക്കകത്തെത്തിയതും സ്ഥംഭിച്ചുപോയി. അയാളുടെ കയ്യിൽനിന്നും തോക്കു താനെ താഴത്തു വീണു. കണ്ണു മഞ്ഞളിച്ചു. സർവ്വനാഡികളും തളർന്നപോലെ അടുത്തുണ്ടായിരുന്ന തൂണിലേക്കു ചാഞ്ഞു. കൂടെ ഉണ്ടായിരുന്ന മററു പട്ടാളക്കാർ ഇതു കണ്ടമ്പരിച്ചു. ഉടനെ പൊക്കക്കാരൻ താഴെ വീഴുന്നെക്കുമൊ എന്നു ഭയന്നു മററുള്ളവർ വന്നു താങ്ങി.

ശാന്ത സിംഗു സൂക്ഷിച്ചു നോക്കി. വീണ്ടും സൂക്ഷിച്ചു: "വിക്രമൻ, എന്റെ വിക്രമൻ, ഹാ!" അയാൾ ഉറക്കെ നിലവിളിച്ചുകൊണ്ടു ഓടിച്ചെന്നു കെട്ടിപ്പിടിച്ചു.

വന്നവരിൽ ആ പൊക്കക്കാരൻ ശാന്ത സിംഗിന്റെ മകൻ വിക്രമനാണ്. നാല്പതു മൈൽ ദൂരത്തിലെത്തിയിരുന്ന ബ്രി: സേനാവിഭാഗത്തിൽനിന്നും മേലധികാരിയോടു പ്രത്യേകാനുമതി വാങ്ങി വന്നതായിരുന്നു അയാൾ. ആയുധധാരികളായ കുറെപ്പേർ കൂടയും,ഇവിടത്തെക്കാഴ്ച അയാളുടെ ജീവിത ചൈതന്യത്തെ അവസാനിപ്പിച്ചു. ബോധശൂന്യനാക്കി ഇതാ താഴെ കിടക്കുന്നു. അയാൾ ഒരു പട്ടാളക്കാരൻ എന്നതു വാസ്തവം തന്നെ. എന്നാൽ ഒരു മനുഷ്യനുമാണ്.

എന്തുംവരട്ടെ "അതും സഹിക്കുന്ന മനക്കരുത്തുണ്ടാകുന്നതല്ലെ മനുജസ്വഭാവം."

ഈ അവസരത്തിൽ അവിടത്തെ നില ഇങ്ങിനെ ചുരുക്കേണ്ടിയിരിക്കുന്നു. അല്ലങ്കിൽ അത്ര വലുതായിത്തീരും. മരിച്ചുകിടക്കുന്ന ഭാര്യയും സഹോദരനും അടുത്തെത്തിയ അമ്മ, അടിപ്പററിയ വൃദ്ധപിതാവ്, വിശന്നു കിടന്നു നിലവിളിക്കുന്ന മക്കൾ, അതെ ആ വീടു ജീവിതമരണങ്ങളുടെ ഇടക്കു കിടന്നു പിടഞ്ഞുകൊണ്ടിരിക്കുമ്പോഴാണു വിക്രമസിംഗു വന്നെത്തിയതു. ചെറുതുനേരത്തിന്റെശേഷം അച്ഛു വീണ്ടും ജീവിക്കുമെന്ന മട്ടായി. അമ്മക്കു ബോധം വന്നു. കമല അടുപ്പിൽ തീപ്പൂട്ടി.

വീണ്ടും പുറത്തു അതാ മിഷ്യൻഗൺ പൊട്ടിത്തുടങ്ങി. ശാന്തസിംഗു വിറച്ചു വിക്രമസിംഗു ഭാര്യയുടെ ശവശരീരത്തെ താഴത്തു കിടത്തിയിട്ടു ചാടി എഴുന്നേററു "ഹോശിയാർ" ഗംഭീരത്തിൽ കൂട്ടുകാരോടു പറഞ്ഞു. ഒരു നിമിഷത്തിനുള്ളിൽ പിതാവിനേയും മററും പിൻപുറത്തേക്കു മാററി വിക്രമനും കൂട്ടുകാരും അവിടെ ഓരോ ദിക്കിൽ, കതകിനു പിൻപിൽ, വീണു കിടന്നിരുന്ന മേശക്കു പിറകിൽ, കോണിപ്പടിക്കു പിന്നിൽ ഇങ്ങനെ ഓരോ ദിക്കിൽ മറഞ്ഞു.

വന്നതു പിശാചുക്കൾ ജാപ്പുകൾ തന്നെയാണ്. കൂടെ ചണ്ഡീദാസ ഭട്ടാചാര്യപാദ ശുശ്രൂഷതരും. അവർ തലേന്നു നാട്ടിപ്പോയ കൊടി കുത്തേററു കീറിക്കിടക്കുന്നു. അത്യന്തം രുഷ്ടന്മാരായി ഉള്ളിലേക്കു കടന്നു. ചുററും നോക്കി. ഒരുത്തരുമില്ല. പന്നിക്രൂററൻ ഭട്ടപാദരെ നോക്കി "എല്ലാം എവിടെ" അട്ടഹസിച്ചു.

മറഞ്ഞിരുന്ന വിക്രമൻ "ഇതാ എല്ലാം ഇവിടെയുണ്ട്" നാലു പുറത്തുനിന്നും ഒരേസമയത്തു "ഠേ! ഠേ! ഠേ!" വെടി പൊട്ടിത്തുടങ്ങി. പിശാചുക്കൾ പകച്ചു. ചുററും തിരിഞ്ഞു. അവർക്കു ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ഓരോന്നായി ചത്തു നിലം പതിച്ചു. അവസാനം മൂന്നു പേർമാത്രം പന്നിക്രൂററൻ, ഭട്ടാചാര്യൻ, മറെറാരുത്തൻ. പെട്ടന്നു റിവാൾവർ എടുത്തു പന്നിക്രൂററൻ ആചാര്യരുടെ നേരെ "ഠേ!" "ഹാ" കാരത്തോടെ അയാൾ നിലം പതിക്കുന്നതിനിടയിൽ വിക്രമൻ പന്നിക്രൂററന്റെ മേൽ ചാടി വീണു. അവന്റെ റിവാൾവർ തട്ടിപ്പറിച്ചു ദൂരെ എറിഞ്ഞു. ഇതിനകം വിക്രമന്റെ കൂട്ടുകാർ എല്ലാം മുന്നോട്ടു വന്നു. "മറെറാരു"ത്തനും ഹതനായി. അവസാനം വിക്രമൻ തന്റെ കത്തി ഉയർത്തി "എട ദ്രോഹി, രണക്കളത്തിൽ യോദ്ധാക്കൾ പൊരുതാറുണ്ട്. വീരത കാണിക്കാറുണ്ട്. എട, വീട്ടിലിരിക്കുന്ന പെണ്ണുങ്ങളോടു—നിരപരാധികളോടു നിനക്കു തോക്കിന്റെ തിരയല്ല, ഈ കത്തി, അതിനുള്ള സമാധാനം ഇതു പറയട്ടെ!" ആഞ്ഞൊരു കുത്തു ക്രോധം പതിന്മടങ്ങു മദിച്ചു. കത്തികൊണ്ട് കഴുത്തിലൊരു വെട്ട്. ഉടലും തലയും വേർപെട്ടു. വിക്രമന്റെ ശരീരം മുഴുവൻ രക്തം. ഇപ്പോൾ അയാൾക്കും വന്നു ഒരു ചിരി. പക്ഷെ മററാർക്കും അതു കാണുവാൻ സാധ്യമല്ല. അത്ര ഭയങ്കരമായിരുന്നു. സംഹാരരുദ്രനെപ്പോലെ അയാൾ പന്നിക്രൂററന്റെ തലയെടുത്തു നൃത്തമാടി. കൂട്ടുകാർ കൂടി പേടിച്ചുപോയി. അവസാനം ആ തല തന്റെ പ്രിയ പത്നിയുടെ കാക്കൽ കൊണ്ടിട്ടു, "അമ്മണി, നീ വിക്രമനു മാപ്പു തരുമോ! നിന്റെ അതേ വിക്രമൻ ഇന്നിതാ നിന്റെ കാക്കൽനിന്നും സത്യം ചെയ്യുന്നു, ഫാസിസ്ററു ജപ്പാന്റെ നിന്നെ നശിപ്പിച്ച അതേ പശാചുവർഗ്ഗങ്ങളുടെ ഉന്മൂലനാശം വരുത്തുന്നതുവരെ ഈ കൈകൾ വിശ്രമിക്കയില്ല. ഇതു സത്യം, സത്യം, സത്യം."

(തീർന്നു)

# ആലസ്യം മതി

(പി. കെ. കടത്തനാട്ട്.)

ആലസ്യം മതി, വീണ്ടും
പോർ ചെയ്യാൻ മുതിർന്നാലും,
ആലസൽജ്ജയസിദ്ധി
തികച്ചും കൈവന്നില്ലാ.

നാസിസം പോയെന്നാലും,
പൌരസ്ത്യദേശത്തിങ്കൽ
വാസമുണ്ടിപ്പോൾക്കൂടി
ജാപ്പാന്റെ ദുഷ്പ്രഭുതാം.

അതിനെത്തുണ്ടതുണ്ടാ-
യരിഞ്ഞു കഴിഞ്ഞാകിൽ
ക്ഷിതിയിലുദിച്ചീടും
ശാന്തിതൻ കതിരുകൾ.

അതിനാലത്യുത്സാഹ
പൂർവ്വം നാം മുന്നോട്ടേക്കായ്
കൊതികൊണ്ടടരാടി
കുതിച്ചു പോയേതീരൂ.

ഒററയാത്തിരിഞ്ഞിന്നു
ക്ഷീണിച്ചു കഴിഞ്ഞൊര-
ജാപ്പസാമ്രാജ്യത്വത്തെ
ചവിട്ടിത്തെറിപ്പിയ്ക്കാൻ
ഊക്കിലൊന്നുന്നിച്ചുവി-
ട്ടീടണം തോഴന്മാരേ,
ലാക്കു തെററാതെ പോക
നമ്മൾക്കു് കൃത്യം ചെയ്യാൻ.

ആലസ്യം മതി, വീണ്ടും
പോർചെയ്യാൻ മുതിർന്നാലും,
ആലസൽജ്ജയസിദ്ധി
തികച്ചും കൈവന്നീലാ.

# പ്രാത്ഥന

(കുറുവങ്ങാട്ട് കെ. ജി. പണിക്കർ.)

ഉലകരംഗത്തിലെന്നു മുന്നേക്ഷമാം-
നിലവരിച്ചുള്ള നിത്യപ്രകാശമേ;

കലകൾ പൂണ്ടുകൊണ്ടീടുവാൻ ഭാവിക്കും,
നലവിശാലമാം സൌന്ദര്യപൂരമേ,
അനഘവിജ്ഞാന വീക്ഷണസ്ഥാനമേ,
മനനമൌനത്തിന്നുള്ളടിസ്ഥാനമേ;

അനുനയമകമാന്ന കാരുണ്യമേ,
കണികജീവിതഭീവൽപ്രസാദമേ,
അവിരതം മന്നിന്നേല്ക്കുമനുഭവ-
മവിരളമതിൽകാണും നിദാനമേ,
അവിതന്നാണു ഞാനങ്ങയാൽ കൂപ്പുകൈ-
അവിതഥമിതാ മാമകം കാണണേ.

അലഘുവേകി വിജയം വിരാജിതം-
നലമതിൻ നന്ദി വാഴിച്ചു വാഴ്ത്തുവാൻ,
പലവിധത്തിലും തോന്നിച്ചുകൊണ്ടിനി
ഫലമണക്കണം ആശയത്തിനുമേ.

# അനാഥ ജീവികൾ

(വി. രാഘവൻ.)

അനാഥമന്ദിരങ്ങളും അഗതികൾക്കുയിർ നൽകുന്ന വിവിധ പ്രോത്സാഹനങ്ങളും എത്തിനോക്കാൻ തുടങ്ങിയിട്ടെയുള്ള നമ്മുടെ നാട്ടിൽ അളുകളുടെ ആവിർഭാവം നമ്മുടെ നാട്ടിനെ പല വിധ ത്വരിതപരിവർത്തനങ്ങൾക്കും പാത്രമാക്കിട്ടുണ്ട്. പണ്ടു ചെന്നായ് ആട്ടിൻകുട്ടിയോടു പറഞ്ഞതുപോലെ "നീയല്ലെങ്കിൽ നിൻെറ അച്ഛൻ, അതുമല്ലെങ്കിൽ അച്ഛൻെറ അപ്പൂപ്പൻ, ചെയ്തു തെററിനും കുററം നിൻെറ പേരിൽ ചുമത്താതിരിക്കാൻ പാടില്ല" എന്ന പ്രമാണത്തെ മുറുകെപ്പിടിക്കുന്നിടത്തോളം ഒരുകാലത്തു വളർന്നു തഴച്ചു പുഷ്പിച്ചു കായായി പുത്രപവിത്രകളത്രാദികളോടെ അന്യർക്കായി ജീവനം മുഴുവനും അർപ്പിക്കാനുതകുന്ന എത്ര എത്ര കൊച്ചാട്ടിൻകിടാങ്ങളാണ് അപകടമായ അപമൃത്യുവിനു് ഇടയാകുന്നത്, അനനുകൂല ചുററുപാടുകളുടെ വൻപിടിയിൽപ്പെട്ടു അററു ശിഥിലീകരിക്കാൻ തുടങ്ങുന്ന എത്ര ആശാപാശങ്ങളെയാണ് അത്തരം പ്രോത്സാഹനങ്ങളും രക്ഷാകേന്ദ്രങ്ങളും ചേർത്തിണക്കി കുറവുകളെ നികഴ്ത്തി വീണ്ടും ഉപയോഗപ്രദമാക്കുന്നത്, ഇതുപോലുള്ള അഗതികളുടെ കുമ്പിട്ട ശിരസ്സുകളെ കരുണാപൂർവ്വം പിടിച്ചു നിവർത്തി സജീവമാക്കുന്നത്, അതുകളോടുള്ള കടമകളെ യഥാവിധി നിറവേററപ്പെടുന്നതു് !!

പ്രതികൂല പരിതഃസ്ഥിതികളുടെ അടിയേററു തലതാഴ്ത്തി, നട്ടകനിച്ചു നിരാശതയിൽ ആണ്ടു ശ്വാസം മുട്ടനുഭവിക്കുന്ന നിരപരാധികളായ മൃഗലക്ഷങ്ങൾക്കും, മനുഷ്യജീവിതത്തെ പൊതുവെ കാമ്യമാക്കാനുള്ള പൊതുയുദ്ധത്തിൽ ചേരാനുള്ള അവകാശവും, പൊരുതാനുള്ള ശേഷിയും ശേമുഷിയും ഉണ്ടെന്നുള്ളതു് എത്രയോ മുമ്പേ, തെളിഞ്ഞുകഴിഞ്ഞ ഒരു പരമാർത്ഥമല്ലെ. അവരിലും. യഥാവിധിയുള്ള പരിപോഷണം കൊണ്ടു പരിപുഷ്ടമാകുന്ന വിശിഷ്ട ഗുണങ്ങൾ നിഗ്രഹനം ചെയ്യപ്പെട്ടിട്ടുണ്ടു്. ലോകത്തു എവിടേയും ഇന്നു നടപ്പുള്ളതുപോലെ, തന്നിലുള്ള വിവിധ ദൗർബ്ബല്യതയെ യഥാവസരം കണ്ടറിഞ്ഞു് അതുകളിൽനിന്നു വിമുക്തനാകാൻ വെമ്പി കൈകൾ ഉയർത്തി നിലവിളി കൂട്ടിയാൽ, ഒന്നു കരപററിയാൽ നിരന്തരപരിശ്രമങ്ങൾകൊണ്ടു കടങ്ങളെല്ലാം വീട്ടി, പ്രായശ്ചിത്തങ്ങളും ഒടുക്കിതീർത്തു് മനുഷ്യനായി ജീവിതം നയിക്കാമായിരുന്നു എന്നു, അടിയും കൊണ്ടു പുളിയും കുടിച്ചു—കരവും കൊടുക്കൽ വേദാന്തം ഉച്ചത്തിൽ ജപിച്ചാൽ, ഒന്നു ചെവിക്കൊള്ളുകയെങ്കിലും വേണ്ടേ?

അതിവിസ്തൃതവും, നിരാധാരരായ മൂകലക്ഷങ്ങളുടെ വിളനിലവും ആവാസഭൂമിയുമെന്നു പേരുകേട്ടതും, ആയ നമ്മുടെ ഈ ചെറുഖണ്ഡത്തെ ഒന്നു വീക്ഷിക്കുമ്പോൾ മേൽപറഞ്ഞതരം പ്രോത്സാഹന കേന്ദ്രങ്ങളുടെ കഴിവുകളേയും പ്രോത്സാഹനങ്ങളുടെ പരിമാണത്തേയും ഭൂതക്കണ്ണാടിയുടെ സഹായത്താൽമാത്രം തേടിപ്പിടിക്കാവുന്ന അദൃശ്യമായ ചുരുക്കം ചില അണുക്കൾ മാത്രമാകുന്നു എന്നു് സവ്യസനം പറയട്ടെ. നമ്മുടെ അഭ്യുദയകാംക്ഷികളുടെ ചിന്താവീഥിയിൽ ചലിച്ചുകൊണ്ടിരിക്കുന്ന അനേകം വിഷമ പ്രശ്നങ്ങളിൽ ഒന്നാണ് ഇതു്. ആ പ്രശ്ന സൽഫലം പ്രവൃത്തിമാർഗ്ഗമായി വിതരണം ചെയ്യപ്പെട്ടുമ്പോൾ, നിരപരാധികളായ ആട്ടിൻകുട്ടികളെ നിയമനിർമ്മാണംകൊണ്ടു "ചെകള"യിറുക്കികൊല്ലാനുള്ള അധികാരം അസ്ഥിരപ്പെടുമ്പോൾ, നമ്മുടെ - ദുർദ്ദശ തീരുന്നതായി കാണാം. ചുമതലാബോധം മനുഷ്യനെ മനുഷ്യനാക്കുന്നുവെങ്കിൽ, മനുഷ്യനായി ജീവിക്കലാണ് നമ്മുടെ ജീവിതോദ്ദേശമെങ്കിൽ, നമ്മിൽ എല്ലാ പേരിലും ഒരുപോലെ ചുമതലാബോധം നിറഞ്ഞു വിളങ്ങാൻ ദൈവം അനുഗ്രഹിക്കട്ടെ.

# വിജയക്കൊടി

(ബി. സി. ഉമ്മർകുട്ടി സാഹേബ്)

വിജയക്കൊടിയെങ്ങും പൊങ്ങിടട്ടെ;
സുജനപ്രിയത്വം പുലർന്നിടട്ടെ;
ക്ഷണഭംഗുരനായ ശത്രു വെങ്ങാൻ
രണരംഗം നിർമ്മിക്കാനാലോചിച്ചാൽ
ഭരതാംബയല്പവും കൂസുകില്ല
"വരയിപ്പുറ"ത്തു കടത്തുകില്ല.
പതിയററ 'നാസിസം' മൺമറഞ്ഞു
ഗതിയററ "ഫാസി"സവും തുലഞ്ഞു
പകലിൽ വെളിച്ചത്തിൽ മൂകവർഗ്ഗം.
പകയോടെ മൌനം ദീക്ഷിച്ചിരുന്നു.
വികൃതിത്തമൊന്നുമേ കൂസിടാതെ
പ്രകൃതികൊളുത്തി—;യാവിശ്വദീപം
പരിപൂത നീതി ജയിച്ചു പാരിൽ
പരിലസൽ ധർമ്മം നയിച്ചു നേരിൽ.
ദുരുപായമാകെ നശിച്ചു പോരിൽ
പുരുമോദമെങ്ങുമലയടിച്ചു
കരമൊന്നായ്കോർത്തു പോരാടിയെങ്കിൽ
തെരുതെരെയോട്ടും രിപുക്കളെല്ലാം
അവരവരാത്മവിശ്വാസപൂർവ്വം
അണിനിരന്നാകിൽ സുസാദ്ധ്യമെല്ലാം
വിജയക്കൊടിനീളെ പാറീടട്ടെ
വിജയധ്വനിയെന്നും പൊങ്ങീടട്ടെ.

# ചിരിയും ചിന്തയും

മഹത്വം.—യാൽട്ടയിൽവെച്ചു ത്രിമൂർത്തികൾ സമ്മേളിച്ച അവസരത്തിൽ ഇങ്ങനെയൊരു സംഭവമുണ്ടായിപോൽ!

റൂസ്‌വെൽട്ട് പറഞ്ഞു, "ഇന്നലെ രാത്രി ഞാനൊരു സ്വപ്നം കണ്ടു. യുദ്ധം കഴിഞ്ഞുവെന്നും യുനൈറേറഡ് നേഷൻസിൻെറ പ്രസിഡണ്ടായി എന്നെ തിരഞ്ഞെടുക്കപ്പെട്ടുവെന്നുമായിരുന്നു ആ സ്വപ്നം."

"ഞാനും ഒരു സ്വപ്നം കണ്ടു" ചർച്ചിൽ പറഞ്ഞു, "യുദ്ധം കഴിഞ്ഞെന്നും യുനൈറേറഡ് നേഷൻസിൻെറ പ്രധാനമന്ത്രിയായി എന്നെ തെരഞ്ഞെടുത്തുവെന്നുമായിരുന്നു ഞാൻ കണ്ട സ്വപ്നം."

"ഞാൻ ഇന്നലെ രാത്രി സ്വപ്നം കണ്ടില്ല" സ്റ്റാലിൻ പറഞ്ഞു, "ആരെയെങ്കിലും, എന്തിനും നിയമിച്ചതായി ഞാൻ ഓർമ്മിക്കുന്നുമില്ല.

* * *

രക്ഷിതാവു പറഞ്ഞു, "മി. പപ്പുപിള്ള ഇരിക്കണം." "എൻെറ ശരിയായ പേർ" മാസ്റ്റർ പ്രതിവചിച്ചു "അച്യുത പിള്ള പപ്പുപിള്ളയെന്നാണ്."

"എന്നാൽ ആ രണ്ടു കസാലകളിലുംകൂടി ഇരുന്നേക്കണം."

* * *

ബർല്ലിൻ വീഴുന്നതിന്നു മുമ്പു അവിടെ ഒരു നേരംപോക്കുണ്ടായിരുന്നു. ആരാണ് ഒരു ശുഭപ്രതീക്ഷകൻ? ഇംഗ്ലീഷു പഠിക്കുന്ന ആൾ. അശുഭപ്രതീക്ഷകനോ? റഷ്യൻഭാഷ പഠിക്കുന്ന ആളും.

പരുക്കുപററിയ ആ മനുഷ്യൻ ആസ്പത്രിയിൽ കടന്നു ചെന്നു. ക്ലാർക്ക് ആയാളോടു പതിവിൻപടി ഫോറം എഴുതുമ്പോൾ ചോദിച്ചു, "വിവാഹിതനാണോ?

"അല്ല, ലോറി അപകടം" മുറിവേററ ആൾ മറുപടി പറഞ്ഞു.

* * *

വരുന്ന 5,000 കൊല്ലത്തിനുള്ളിൽ ലോകമെങ്ങിനെയായിരിക്കുമെന്നു നിങ്ങൾക്കു വിശദീകരിച്ചുതരുന്ന ശാസ്ത്രകാരനു യൂറോപ്പിൽ അടുത്ത ആഴ്ചയിൽ സംഭവിക്കുന്ന കാര്യമെന്തായിരിക്കുമെന്നു പറയാൻ മേലാ.

* * *

ജാപ്പാൻകാർ ആരാണ് യുദ്ധത്തിൽ ജയിക്കുക എന്നു് സ്വീഡൻകാരനോടു ചോദിച്ചു. തനിക്കറിയില്ലെന്നു് അയാൾ പറഞ്ഞു. ജാപ്പാൻകാരൻ അതുംകൊണ്ടും വിട്ടില്ല. അപ്പോൾ ആയാൾ പറഞ്ഞു:

"വാസ്തവത്തിൽ അതെങ്ങിനെ പറയാം? എന്നാൽ ഞാൻ അമേരിക്കക്കാരെ കാണുമ്പോൾ അവരീ ചോദ്യം ചോദിക്കാറില്ല."

* * *

മരണത്തിൻെറ ദാസന്മാരെന്ന നിലക്ക് എല്ലാ യുദ്ധങ്ങളും ഭയങ്കരമാണ്. യുദ്ധത്താൽ വശീകരിക്കപ്പെടുന്നവർ, മരണത്താലും ആകർഷിക്കപ്പെടുന്നു. എല്ലാ യുദ്ധങ്ങളേയും ഇല്ലാതാക്കുന്നതിന്നുള്ള യുദ്ധത്തേക്കാൾ വലിയ ഒരു കാര്യം ലോകത്തിലില്ല.

* * *

ഈ ജീവിതം മററൊരു ലോകത്തെ നരകമല്ലെന്നു നിങ്ങൾക്കെങ്ങിനെയറിയാം?

കഴിഞ്ഞ വേനൽക്കാലത്തു "അതു ഇപ്പോൾത്തന്നെ ചെയ്യുക" എന്നൊരു നോട്ടീസ് ഒരു വ്യവസായശാലയ്ക്കു ചുററും പതിച്ചിരുന്നു. കുറച്ചു വാരങ്ങൾക്കു ശേഷം, പ്രവർത്തിക്കാരുടെയിടയിൽ അതുകൊണ്ടുണ്ടായ പ്രത്യാഘാതമെന്തായിരുന്നുവെന്നു ചോദിച്ചപ്പോൾ മാനേജർ, സവ്യസനം പറഞ്ഞു:

"അതു പറയുന്നതിന്നു തന്നെ എനിയ്ക്കിഷ്ടമില്ല. കാഷ്യിയർ 4,000 ക. പററിച്ചു ചാടി; ഹെഡ് ബുക്-കീപ്പർ എൻെറ വനിതാ സിക്രട്ടരിയെ തട്ടിച്ചുകൊണ്ടോടി; മൂന്നു ടൈപ്പിസ്ററുകൾ ശമ്പളക്കൂടുതലിന്നു വിശകി; തൊഴിലാളികൾ പണി മുടക്കണമെന്നു വോട്ടു ചെയ്തു. ആഫീസ് ബോയ് നേവിയിൽ ചേർന്നു."

* * *

ഹോളിവുഡ് സിനിമാ താരങ്ങൾക്ക് കൃത്രിമപ്പല്ലും, കൃത്രിമകേശവും, കൃത്രിമ പുരികവും, കൃത്രിമക്കാലുകളുമുണ്ടു്. നിങ്ങൾ പടത്തിൽ രണ്ടു താരങ്ങൾ പ്രണയം അഭിനയിക്കുന്നതു കാണുമ്പോൾ അതു രണ്ടു മനുഷ്യരൂപങ്ങളാണെന്നു വിചാരിക്കരുതു്. പല സാധനങ്ങളും സംഘടിപ്പിച്ച രണ്ടു അസാധാരണ സൃഷ്ടികളായിരിക്കും അവ.

* * *

ലക്ഷപ്രഭുവും യാചകനും തമ്മിലുള്ള വ്യത്യാസം: ഒടുക്കത്തെയാൾ ആദ്യത്തെ ഒരു പിടി ചോറിന്നും ആദ്യത്തെ ആൾ അവസാനത്തെ ഭക്ഷണത്തിന്നും വേണ്ടി പാടു പെടുന്നു.

* * *

ഒരിംഗ്ലീഷുകാരനും അദ്ദേഹത്തിൻെറ വഴികാട്ടിയായ ഇന്ത്യക്കാരനും കൂടി ദേശാടനം ചെയ്തു നടക്കെ, അവർ ഒരു അരുവിയ്ക്കരികിലെത്തി.

"നിങ്ങൾക്ക് മത്സ്യം ഇഷ്ടമാണോ?" ഇന്ത്യക്കാരൻ ചോദിച്ചു.

"അതേ" ചിരിച്ചിട്ട് ഇംഗ്ലീഷുകാരൻ പറഞ്ഞു.

ഒരു കൊല്ലത്തിന്നുശേഷം അവർ വീണ്ടും കണ്ടുമുട്ടി.

"എങ്ങിനെ?" ഇന്ത്യക്കാരൻ ചോദിച്ചു.

"വറുത്തിട്ട്" ഇതായിരുന്നു മറുപടി.

* * *

അധികനേരക്കൂലി ആശിച്ചു അവൻ പകലും രാത്രിയും പണിക്കു പോയിരുന്നു.

ഒരു ദിവസം തൻെറ അഞ്ചു വയസ്സു പ്രായമുള്ള പയ്യൻെറ ചെവിയ്ക്കു പിടിച്ചു അവൻ തിരുമ്പി.

"എന്താടാ?" അവൻ കരഞ്ഞു തിരിച്ചു വന്നപ്പോൾ അമ്മ ചോദിച്ചു.

"ഞായറാഴ്ച ഇവിടെ ചുററിപററിക്കൂടുന്ന ആ വിദ്വാനില്ലേ ആയാൾ എൻെറ ചെവിക്കു പിടിച്ചു തിരുമ്മി." കുട്ടി തേങ്ങിത്തുടങ്ങി.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.